# പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

2025 ജൂലൈ 19 ശനി

ptnizar@rediffmail.com 9037319971

www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ


## നിപ രോഗബാധയെന്ന് സംശയം; പതിനഞ്ച് വയസുകാരിയെ തൃശ്ശൂർ മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചു

തൃശ്ശൂർ: നിപ രോഗബാധയെന്ന സംശയത്തിന്റെ അടിസ്ഥാനത്തിൽ 15 വയസുകാരി ചികിത്സയിൽ.

തൃശ്ശൂർ മെഡിക്കൽ കോളേജിലാണ് പെരിന്തൽമണ്ണ സ്വദേശിയായ 15 വയസുകാരിയെ ചികിത്സയ്ക്ക് പ്രവേശിപ്പിച്ചിരിക്കുന്നത്. ഇന്നലെ രാത്രിയാണ് കുട്ടിയെ മെഡിക്കൽ കോളേജിലെ ഐസൊലേഷൻ വാർഡിൽ എത്തിച്ചത്. പരിശോധനാ ഫലം വരുന്നതിനനുസരിച്ച് തുടർ നടപടി സ്വീകരിക്കുമെന്ന് ആശുപത്രി വൃത്തങ്ങൾ വ്യക്തമാക്കി.

സംസ്ഥാനത്ത് അടുത്തടുത്തായി നാല് നിപ കേസുകൾ റിപ്പോർട്ട് ചെയ്തെന്നും നിപയുടെ കാര്യത്തിൽ ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും ആരോഗ്യമന്ത്രി വീണ ജോർജ് തിരുവനന്തപുരത്ത് പ്രതികരിച്ചു. രോഗ വ്യാപനം തടയാനുള്ള എല്ലാ നടപടികളും എടുത്തിട്ടുണ്ടെന്നും അവർ പറഞ്ഞു.

സംസ്ഥാനം ബാല സുരക്ഷിതമാക്കി മാറ്റും. ബാല ഭിക്ഷാടനം ഒഴിവാക്കും. തേവലക്കരയിൽ 13 കാരന് സുരക്ഷ ഉറപ്പുവരുത്തേണ്ടത് ഉത്തരവാദിത്വമല്ലേ എന്ന ചോദ്യത്തോട് വളരെ നിർഭാഗ്യകരമായ സംഭവമെന്നായിരുന്നു പ്രതികരണം. അതാത് വകുപ്പുകൾ കാര്യങ്ങൾ വിശദീകരിച്ചിട്ടുണ്ട്. ശ്രീചിത്ര ഹോമിലെ ആത്മഹത്യാശ്രമത്തിൽ ജില്ലാ കളക്ടറോട് റിപ്പോർട്ട് തേടിയിട്ടുണ്ടെന്നും കളക്ടർ ചെയർപേഴ്സണായ മേൽനോട്ടസമിതിയാണ് ശ്രീചിത്ര ഹോമിലെ കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തേണ്ടതെന്നും മന്ത്രി വിശദീകരിച്ചു. പ്രാഥമിക റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. കുട്ടികൾക്ക് എല്ലാവിധ സംരക്ഷണവും ഒരുക്കുമെന്നും അദ്ദേഹം പറഞ്ഞു.

## സമൂഹ മാധ്യമത്തിലൂടെ അധിക്ഷേപിച്ചു; 7 ലക്ഷം രൂപ നഷ്ടപരിഹാരം നൽകാൻ കോടതി വിധി

അബുദാബി: സമൂഹ മാധ്യമത്തിലൂടെ അധിക്ഷേപിച്ച സംഭവത്തിൽ വാദിക്ക് 30000 ദിർഹം (7,03,748രൂപ) നഷ്ടപരിഹാരം നൽകാൻ കോടതി ഉത്തരവിട്ടു.

വാദിയും പ്രതിയും സ്ത്രീകളായ കേസിലാണ് അബുദാബി കുടുംബ കോടതിയുടെ ഉത്തരവ്. പരാതിക്കാരിയായ സ്ത്രീ സമൂഹ മാധ്യമത്തിൽ ഒരു ചിത്രം പങ്കു വെച്ചിരുന്നു. ഇതിനു താഴെ കേസിലെ പ്രതിയായ സ്ത്രീ മോശം പരാമർശം കമന്റ് ചെയ്തു. പിന്നീട് സ്വകാര്യമായി സന്ദേശം അയച്ച് അധിക്ഷേപിച്ചു എന്നുമാണ് പരാതി.

പ്രതി നടത്തിയ പരാമർശങ്ങളും അധിക്ഷേപ വാക്കുകളും തനിക്ക് മാനസിക ബുദ്ധിമുട്ടുകൾ ഉണ്ടാക്കിയതായി പരാതിക്കാരി വാദിച്ചു. 1.5 ലക്ഷം ദിർഹം നഷ്ടപരിഹാരവും കോടതി ചെലവുകളും പ്രതിയിൽ നിന്നും ഈടാക്കണം എന്നുമായിരുന്നു പരാതിക്കാരിയുടെ ആവശ്യം.

കേസിൽ വിശദമായി വാദം കേട്ട കോടതി പ്രതിക്കെതിരെ സമർപ്പിച്ച തെളിവുകളും പരിശോധിച്ചു.

# മിഥുനെ അവസാനമായി ഒരുനോക്ക് കാണാൻ വൻ ജനാവലി



കൊല്ലം: തേവലക്കര സ്കൂളിൽ വച്ച് ഷോക്കേറ്റ് മരിച്ച മിഥുന്റെ മൃതദേഹം വീട്ടിലെത്തിച്ചു. മിഥുനെ അവസാനമായി ഒരുനോക്ക് കാണാനായി വിദ്യാർഥികളും രക്ഷിതാക്കളും നാട്ടുകാരും ഉൾപ്പെടെ നൂറുക്കണക്കിന് ആളുകളാണ് എത്തിയത്.

ശാസ്താംകോട്ട താലൂക്ക് ആശുപത്രിയിൽ നിന്ന് മിഥുന്റെ മൃതദേഹം രാവിലെ പത്തുമണിയോടെയാണ് സ്കൂളിലേക്ക് കൊണ്ടുപോയത്. എന്നാൽ വിലാപയാത്രയായി സ്കൂളിലേക്ക് പുറപ്പെട്ട ആംബുലൻസ് ഒന്നരമണിക്കൂറിലധികം വൈകിയാണ് എത്തിയത്. സ്കൂളിലെ പൊതുദർശനത്തിന് ശേഷം വിലാപ യാത്രയായി മൃതദേഹം വീട്ടിലെത്തിച്ചു. മൃതദേഹം നാല് മണിയോടെ വിളന്തറയിലെ വീട്ടുവളപ്പിൽ സംസ്കരിക്കും.

വ്യാഴാഴ്ചയാണ് സ്കൂളിൽ കളിക്കുന്നതിനിടെ 13 വയസുകാരനായ മിഥുൻ ഷോക്കേറ്റ് മരിക്കുന്നത്. രാവിലെ ക്ലാസ് തുടങ്ങുന്നതിന് മുൻപ കൂട്ടുകാരോടൊത്ത് കളിക്കുന്നതിനിടെ ചെരുപ്പ് തെറിച്ചു വീണ സൈക്കിൾ ഷെഡിന് മുകളിലേക്ക് തെറിച്ചുവീണു. ഇതെടുക്കാനായി ഷെഡിന് മുകളിലേക്ക് കയറിയപ്പോൾ വൈദ്യുതി ലൈനിൽ തട്ടി ഷോക്കേൽക്കുകയായിരുന്നു. ഉടൻ തന്നെ മിഥുനെ ആശുപയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. മിഥുന്റെ അമ്മ സുജ ഇന്ന് രാവിലെ 9.30 ഓടെയാണ് കുവൈറ്റിൽ നിന്നും നെടുമ്പാശ്ശേരി വിമാനത്താവളത്തിലെത്തിയത്. ഇളയമകനും സുജയുടെ സഹോദരിയുമടക്കമുള്ള ബന്ധുക്കൾ വിമാനത്താവളത്തിൽ കാത്തുനിന്നിരുന്നു. വിമാനമിറങ്ങി എത്തിയ സുജ ഇളയമകനെ കണ്ടതോടെ നിയന്ത്രണം വിട്ട് കരയുകയായിരുന്നു. വിമാനത്താവളത്തിൽ നിന്ന് നേരെ വീട്ടിലേക്ക് സുജയെ കൊണ്ടുപോയി.

## സ്റ്റാലിന്റെ സഹോദരനും കരുണാനിധിയുടെ മകനുമായ എം.കെ മുത്തു അന്തരിച്ചു



ചെന്നൈ: തമിഴ്നാട് മുഖ്യമന്ത്രി എം.കെ.സ്റ്റാലിന്റെ സഹോദരനും മുൻ മുഖ്യമന്ത്രി എം. കരുണാനിധിയുടെ മകനുമായ എം.കെ. മുത്തു(77) അന്തരിച്ചു. കരുണാനിധിയുടെ ആദ്യ ഭാര്യ പദ്മാവതിയുടെ മകനാണ് മുത്തു.നാഗപട്ടണത്തെ തിരുക്കുവലൈയിലായിരുന്നു ജനനം. മുത്തു ജനിച്ചതിനു പിന്നാലെയാണ് 20-ാം വയസിൽ ക്ഷയരോഗം ബാധിച്ച് പദ്മാവതി മരിച്ചത്. അതിനു ശേഷം കരുണാനിധി വിവാഹം ചെയ്ത ദയാലുവമ്മാളിന്റെ മകനാണ് സ്റ്റാലിൻ. മുത്തുവിന്റെ ഭാര്യ ശിവകാമസുന്ദരി, മക്കൾ: എം.കെ.എം. അറിവുനിധി, തേൻമൊഴി.

മുത്തുവിനെ രാഷ്ട്രീയത്തിൽ പിൻഗാമിയാക്കാനാണ് ആദ്യം കരുണാനിധി ആഗ്രഹിച്ചത്. പിന്നീട് എംജിആറിനെ നേരിടാൻ മുത്തുവിനെ കരുണാനിധി സിനിമയിലേക്ക് ഇറക്കി. 1970കളിൽ ചില സിനിമകളിൽ നായകനായെങ്കിലും വിജയിച്ചില്ല. ഇതിന് ശേഷം അച്ഛനും മകനുമായി തർക്കമുണ്ടായി. എൺപതുകളോടെ ഇരുവരും അകന്നു. ഇതോടെ മുത്തു ഡിഎംകെ വിട്ട് ജയലളിതയ്ക്കൊപ്പം എഐഎഡിഎംകെയിലേക്ക് പോയി.

2009ൽ രോഗബാധിതനായിരിക്കെ അച്ഛൻ കരുണാനിധി ആശുപത്രിയിലെത്തി മുത്തുവിനെ കണ്ടതോടെയാണ് ഏറെക്കാലം ഇരുവർക്കും ഇടയിലുണ്ടായിരുന്ന പിണക്കം മാറിയത്. രണ്ടു ദശകങ്ങളായി രോഗബാധിതനായിരുന്നു. വളരെ ചുരുക്കമായേ പൊതുവേദികളിൽ എത്തിയിരുന്നുള്ളൂ.

## സ്കൂൾ സമയമാറ്റം: പ്രക്ഷോഭത്തിന്റെ ആവശ്യമില്ലെന്ന് കാന്തപുരം വിഭാഗം

കോഴിക്കോട്: സ്കൂൾ സമയമാറ്റത്തിൽ പ്രക്ഷോഭത്തിന്റെ ആവശ്യമില്ലെന്ന് കാന്തപുരം വിഭാഗം. വിഷയം ചർച്ചയിലൂടെ പരിഹരിക്കാൻ കഴിയുമെന്ന് സുന്നി വിദ്യാഭ്യാസ ബോർഡ് സെക്രട്ടറി പ്രൊഫ. എ.കെ.അബ്ദുൽ ഹമീദ് പറഞ്ഞു.


"സ്കൂൾ സമയമാറ്റം ചർച്ചയിലൂടെ പരിഹരിക്കണം. ആശങ്ക സർക്കാരിനെ അറിയിച്ചിട്ടുണ്ട്. മദ്റസ സമയത്തെ ബാധിക്കാത്ത രീതിയിലുള്ള സമയമാറ്റം അംഗീകരിക്കും. വൈകുന്നേരം സ്കൂൾ സമയം അരമണിക്കൂർ നീട്ടണം. ഇപ്പോൾ പ്രക്ഷോഭത്തിന്റെ ആവശ്യമില്ല. വിഷയം ചർച്ചയിലൂടെ പരിഹരിക്കാൻ കഴിയുമെന്നും"- അദ്ദേഹം വ്യക്തമാക്കി. കോഴിക്കോട് വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

അതേസമയം സ്കൂൾ സമയമാറ്റത്തിൽ സംസ്ഥാന വ്യാപക പ്രക്ഷോഭത്തിന് സമസ്ത ഇ.കെ വിഭാഗം തയ്യാറെടുക്കുകയാണ്. മദ്രസാതല കൺവെൻഷനുകൾ മുതൽ സെക്രട്ടേറിയറ്റ് മാർച്ച് വരെ നടത്താനാണ് സമസ്ത ഇ.കെ വിഭാഗത്തിന്റെ തീരുമാനം. ധിക്കാരപരമായ തീരുമാനത്തിൽ നിന്ന് സർക്കാർ പിന്മാറണമെന്ന് സമസ്ത മദ്രസ മാനേജ്മെന്റ് അസോസിയേഷൻ സമര പ്രഖ്യാപന കൺവെൻഷൻ ആവശ്യപ്പെട്ടിരുന്നു.

കഴിഞ്ഞ ദിവസം എം.വി ഗോവിന്ദൻ മർകസിലെത്തിയപ്പോൾ സ്കൂൾ സമയമാറ്റം വിഷയം, കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ ഉന്നയിച്ചിരുന്നു. ചർച്ചയ്ക്ക് തയ്യാറാണെന്ന് എം.വി ഗോവിന്ദൻ അറിയിച്ചതായാണ് റിപ്പോർട്ടുകൾ. അതേസമയം കാന്തപുരം മുസ്‌ലിയാർക്ക് യമനി പണ്ഡിതന്മാരുമായി നല്ല ബന്ധമുണ്ടെന്നും യമനികളെ പ്രകോപിപ്പിച്ച് അനുകൂല സാഹചര്യം ഇല്ലാതാക്കരുതെന്നും അബ്ദുൽ ഹമീദ് പറഞ്ഞു. 'നിമിഷപ്രിയ രക്ഷപ്പെടട്ടെ, അതാണല്ലോ വേണ്ടത്, ഒരു പണിയും ഇല്ലാത്തവരാണ്'- സോഷ്യൽ മീഡിയയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## കത്തോലിക്കാ ദേവാലയത്തിന് നേരെയുണ്ടായ ആക്രമണം: മാർപാപ്പയെ വിളിച്ച് നെതന്യാഹു





തെൽഅവിവ്: ഗസ്സയിലെ ഏക കത്തോലിക്കാ ദേവാലയത്തിന് നേരെയുണ്ടായ ആക്രമണം ഇസ്രായേലിന് പറ്റിയ അബദ്ധമാണെന്നും ക്ഷമചോദിച്ചും പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു.

യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപുമായും ലിയോ പതിനാലാമൻ മാർപാപ്പയുമായും നടത്തിയ ഫോൺ സംഭാഷണത്തിലാണ് നെതന്യാഹു ഇക്കാര്യം വ്യക്തമാക്കിയത്. അതേസമയം ഗസ്സയിൽ അടിയന്തരമായി സഹായമെത്തിക്കണമെന്നും ഉടൻ വെടിനിർത്തൽ വേണമെന്നും മാർപാപ്പ, നെതന്യാഹുവിനോട് ആവശ്യപ്പെട്ടെന്ന് വത്തിക്കാൻ അറിയിച്ചു.ഏക കത്തോലിക് പള്ളിയായ ഹോളി ഫാമിലി ചർച്ചിന് നേരെയാണ് ആക്രമണമുണ്ടായത്. കഴിഞ്ഞ വ്യാഴാഴ്ചയുണ്ടായ ആക്രമണത്തിൽ മൂന്ന് പേർ കൊല്ലപ്പെടുകയും നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു. ഫലസ്തീനിലെ ഇസ്രായേൽ ആക്രമണങ്ങളെക്കുറിച്ച് അന്തരിച്ച പോപ് ഫ്രാൻസിസ് മാർപ്പാപ്പയെ അറിയിച്ചുകൊണ്ടിരുന്ന ഇടവക വികാരിയായ ഫാദർ ഗബ്രിയേലെ റോമനെല്ലിക്കും ആക്രമണത്തിൽ പരിക്കേറ്റിരുന്നു.

അതേസമയം ബോംബാക്രമണത്തിൽ പള്ളിയുടെ മേൽക്കൂരയ്ക്കാണു കേടുപറ്റിയത്. സൈനികനടപടിക്കിടെ ഒരു ഷെൽ അബദ്ധത്തിൽ പള്ളിവളപ്പിൽ പതിച്ചെന്നാണ് ഇസ്രയേൽ സൈന്യം വ്യക്തമാക്കുന്നത്. സംഭവത്തെക്കുറിച്ച് അന്വേഷിച്ചുവരികയാണെന്നും അന്വേഷണ റിപ്പോർട്ട് പ്രസിദ്ധീകരിക്കുമെന്നും ഇസ്രായേൽ വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

## 'ഓപ്പറേഷൻ സിന്ദൂറിൽ അഞ്ച് യുദ്ധ വിമാനങ്ങൾ വെടിയേറ്റ് തകർന്നുവീണു'; വീണ്ടും വിവാദ പരാമർശവുമായി ട്രംപ്

ദില്ലി: പഹൽഗാം ഭീകരാക്രമണത്തെത്തുടർന്ന് ഇന്ത്യ നടത്തിയ ഓപ്പറേഷൻ സിന്ദൂറിൽ അഞ്ച് യുദ്ധവിമാനങ്ങൾ വെടിവച്ചിട്ടതായി യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്.

വൈറ്റ് ഹൗസിൽ റിപ്പബ്ലിക്കൻ സഭാംഗങ്ങളോടൊപ്പം നടത്തിയ സ്വകാര്യ വിരുന്നിലായിരുന്നു ട്രംപിന്റെ പരാമർശം. അതേസമയം, ഏത് രാജ്യത്തിന്റെ വിമാനങ്ങളാണ് വെടിവച്ചിട്ടതെന്ന് ട്രംപ വ്യക്തമാക്കിയിട്ടില്ല. മെയ് 10 ന് പ്രഖ്യാപിച്ച വെടിനിർത്തൽ യുഎസ് നയതന്ത്ര ഇടപെടലിന്റെ ഫലമാണെന്നും ട്രംപ് ആവർത്തിച്ചു. നാലോ അഞ്ചോ ജെറ്റുകൾ വെടിവച്ചിട്ടതായി കരുതുന്നു. അഞ്ച് ജെറ്റുകളാണെന്നാണ് തന്റെ ബോധ്യമെന്നും ട്രംപ് പറഞ്ഞു.

ഏപ്രിൽ 22 ന് ജമ്മു കശ്മീരിലെ പഹൽഗാമിൽ നടന്ന മാരകമായ ഭീകരാക്രമണത്തിന് തിരിച്ചടിയായി ഇന്ത്യ ഓപ്പറേഷൻ സിന്ദൂർ എന്ന പേരിൽ ഭീകരകേന്ദ്രങ്ങൾക്ക് നേരെ ആക്രമണം നടത്തിയിരുന്നു. റഫാൽ ഉൾപ്പെടെയുള്ള ഇന്ത്യൻ യുദ്ധവിമാനങ്ങൾ വെടിവെച്ചിട്ടെന്ന് പാകിസ്ഥാൻ നേരത്തെ അവകാശവാദമുന്നയിച്ചിരുന്നു. എന്നാൽ അവകാശവാദങ്ങളെ പിന്തുണയ്ക്കുന്ന ഒരു തെളിവും പാകിസ്ഥാൻ നൽകിയില്ല. ഇന്ത്യൻ വ്യോമസേനയ്ക്ക് (കഅഎ) വിമാനങ്ങൾ നഷ്ടപ്പെട്ടുവെന്ന് ഇന്ത്യൻ പ്രതിരോധ മേധാവി ജനറൽ അനിൽ ചൗഹാൻ സമ്മതിച്ചിരുന്നു. എന്നാൽ ആറ് ഇന്ത്യൻ ജെറ്റുകൾ നശിപ്പിക്കപ്പെട്ടുവെന്ന പാകിസ്ഥാന്റെ വാദം അദ്ദേഹം തള്ളി.

ഒരു റാഫേൽ യുദ്ധവിമാനവും നഷ്ടപ്പെട്ടിട്ടില്ലെന്നും ഇന്ത്യൻ പൈലറ്റുമാരെ പാകിസ്ഥാൻ പിടികൂടുകയോ കസ്റ്റഡിയിലെടുക്കുകയോ ചെയ്തിട്ടില്ലെന്നും ഇന്ത്യ വ്യക്തമാക്കി. ജൂൺ 15 ന്, റഫേലിന്റെ ഫ്രഞ്ച് നിർമ്മാതാക്കളായ ദാസോ ഏവിയേഷന്റെ ചെയർമാനും സിഇഒയുമായ എറിക് ട്രാപ്പിയർ പാകിസ്ഥാന്റെ അവകാശവാദങ്ങളെ തള്ളിയിരുന്നു.

# വിശപ്പകറ്റാനെത്തിയവരെ കൊന്നുതീർത്ത് ഇസ്രായേൽ; ഗസ്സയിലെ സഹായവിതരണ കേന്ദ്രത്തിൽ ഇന്ന് കൊല്ലപ്പെട്ടത് 32 പേർ

ഗസ്സ: റഫയിലെ ഗസ്സ ഹ്യൂമാനിറ്റേറിയൻ ഫൗണ്ടേഷൻ (ജിഎച്ച്എഫ്) ഭക്ഷണ വിതരണ കേന്ദ്രത്തിൽ ഇസ്രായേൽ ഇന്ന് 32 പേരെ വെടിവെച്ചു കൊലപ്പെടുത്തിയെന്ന് ഗസ്സ ആരോഗ്യമന്ത്രാലം.

ഭക്ഷണവിതരണ കേന്ദ്രങ്ങളിൽ ആക്രമണം രൂക്ഷമായതോടെ ആളുകൾ അവിടേക്ക് എത്താൻ ഭയക്കുകയാണ്. ഇതുമൂലം പട്ടിണിയും പോഷകാഹാരക്കുറവും മൂലമുള്ള മരണങ്ങളും വർധിക്കുന്നുണ്ട്.

ഇസ്രായേൽ ആക്രമണവും ഉപരോധവും കടുപ്പിക്കുമ്പോൾ വലിയ മാനുഷിക ദുരന്തത്തിനാണ് ഗസ്സ സാക്ഷ്യം വഹിക്കുന്നത്. ഇതിനെതിരെ അടിയന്തരമായി അന്താരാഷ്ട്ര ഇടപെടൽ ഉണ്ടാവണമെന്നും ഗസ്സ ആരോഗ്യമന്ത്രാലയം ആവശ്യപ്പെട്ടു. ജബാലിയയിൽ ഇസ്രായേൽ നടത്തിയ ഷെല്ലാക്രമണത്തിൽ രണ്ടുപേർ കൊല്ലപ്പെട്ടു.അതിനിടെ അധിനിവേശ വെസ്റ്റ്ബാങ്കിലെ ബെത്‌ലഹേമിൽ ഇസ്രായേൽ സൈന്യം റെയ്ഡ് നടത്തുന്നതായി വഫ ന്യൂസ് ഏജൻസി റിപ്പോർട്ട് ചെയ്തു.

ബെത്‌ലഹേമിന് തെക്കു കിഴക്കുള്ള തുകു, കിഴക്ക് ദാറുസ്സലാ, സത്താറ, ബെത്‌ലഹേമിന് തെക്ക് ബൈത്ത് ഫജ്ജാർ എന്നീ പട്ടണങ്ങളിലാണ് ഇസ്രായേൽ സൈന്യം റെയ്ഡ് നടത്തിയതെന്നാണ് റിപ്പോർട്ടിൽ പറയുന്നത്.ഭക്ഷണവിതരണ കേന്ദ്രത്തിലെത്തിയ 32 പേരടക്കം 50 ഫലസ്തീനികളെയാണ് ഇസ്രായേൽ ഇന്ന് കൊലപ്പെടുത്തിയത്. ഗസ്സയിലെ ആയിരക്കണക്കിന് ഫലസ്തീനികൾ വിനാശകരമായ പട്ടിണിയുടെ വക്കിലാണെന്ന് വേൾഡ് ഫുഡ് പ്രോഗ്രാം പറഞ്ഞു. ഗസ്സയിലെ മൂന്നിൽ ഒരാൾ ദിവസങ്ങളായി സമയത്ത് ഭക്ഷണം കിട്ടാത്ത അവസ്ഥയിലാണെന്നും ഡബ്ലിയുപിഎഫ് വ്യക്തമാക്കി.

ഗസ്സയിലെ ഇസ്രായേൽ ആക്രമണത്തിൽ 58,667 ഫലസ്തീനികളാണ് ഇതുവരെ കൊല്ലപ്പെട്ടത്. 139,974 പേർക്ക് പരിക്കേറ്റു.

## സിപിഐ ഇടുക്കി ജില്ലാ സമ്മേളന പ്രവർത്തന റിപ്പോർട്ടിൽ സിപിഎമ്മിന് രൂക്ഷ വിമർശനം

ഇടുക്കി: സിപിഐ ഇടുക്കി ജില്ലാ പ്രവർത്തന റിപ്പോർട്ടിൽ സിപിഎമ്മിന് രൂക്ഷ വിമർശനം. വികസന നേട്ടങ്ങൾ ഒരു വ്യക്തിയുടെ കഴിവാണെന്ന് വരുത്തി തീർക്കുവാൻ സിപിഎം സംഘടിത ശ്രമം നടത്തുന്നുവെന്ന് പ്രവർത്തന റിപ്പോർട്ടിൽ പറഞ്ഞു.

ജില്ലയിൽ കേരള കോൺഗ്രസിന് സ്വാധീനമുള്ളത് ഏതാനും പോക്കറ്റുകളിൽ മാത്രമാണെങ്കിലും എൽഡിഎഫിലെ രണ്ടാം കക്ഷിയാക്കാൻ സിപിഎമ്മിന് നിർബന്ധം. എന്നാൽ ഇടതുപക്ഷ ഐക്യം ശക്തിപ്പെടുത്തുവാൻ അവരെ സഹിക്കുക തന്നെ വേണമെന്നും ജില്ലാ സെക്രട്ടറി കെ. സലിംകുമാർ അവതരിപ്പിച്ച പ്രവർത്തന റിപ്പോർട്ടിൽ പരാമർശിച്ചു.

റിപ്പോർട്ടിൽ ധനമന്ത്രിക്കു നേരെയും വിമർശനമുയർന്നു. സിപിഐ ഭരിക്കുന്ന വകുപ്പുകൾക്ക് ഫണ്ടില്ലെന്നും സിവിൽ സപ്ലൈസ്, കൃഷി, മൃഗസംരക്ഷണം തുടങ്ങിയ വകുപ്പുകൾക്ക് ഫണ്ട് നൽകുന്നതിൽ ധനമന്ത്രിക്ക് പിശുക്കാണെന്നും ഇതേസമയം സിപിഎം ഭരിക്കുന്ന വകുപ്പുകൾക്ക് ധനമന്ത്രി വാരിക്കോരി നൽകുന്നുവെന്നും റിപ്പോർട്ടിൽ പറഞ്ഞു.

അനവസരത്തിലുള്ള പ്രസ്താവനകൾ സിപിഎം നേതാക്കൾ ഒഴിവാക്കണം. തങ്ങൾക്ക് ഇഷ്ടമല്ലാത്തവർ നടത്തുന്ന സമരങ്ങളോടുള്ള നിഷേധാത്മക സമീപനം സിപിഎം തിരുത്തണം. ബ്രൂവറി പോലുള്ള മദ്യ ഉൽപ്പന്നങ്ങൾ ഉണ്ടാക്കാനുള്ള തീരുമാനം പിൻവലിക്കണം. ജനകീയ മുഖം ഉണ്ടാക്കുവാൻ സിപിഎം ശ്രമിക്കണം. സിഎച്ച്ആർ ഉൾപ്പെടെയുള്ള വിഷയങ്ങൾ ഗൗരവപരമായി സംസ്ഥാന സർക്കാർ മനസ്സിലാക്കിയിട്ടില്ലെന്നും വിമർശനം.




# പ്രവാസികൾക്കായി അംഗത്വ ക്യാമ്പയിനും കുടിശ്ശിക നിവാരണവും സംഘടിപ്പിച്ചു

കേരള പ്രവാസി കേരളീയ ക്ഷേമബോർഡ് പ്രവാസികൾക്കായി അംഗത്വ ക്യാമ്പയിനും അംശദായ കുടിശ്ശിക നിവാരണവും സംഘടിപ്പിച്ചു. കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന പരിപാടിയിൽ150ലധികം പേർ പുതുതായി രജിസ്ട്രേഷനെടുക്കുകയും അംശദായത്തിൽ കുടിശ്ശിക വരുത്തിയ90പ്രവാസികൾ പിഴ ആനുകൂല്യം ഉപയോഗപ്പെടുത്തി അംഗത്വം വീണ്ടെടുക്കുകയും ചെയ്തു. രജിസ്ട്രേഷൻ പൂർത്തീകരിച്ചവർക്ക് 10 ദിവസത്തിനകം അംഗത്വം നൽകും.

ലോകത്തെവിടെനിന്നും ക്ഷേമനിധി അംഗത്വം എടുത്ത് അംശദായം അടക്കാനും ആനുകൂല്യങ്ങൾ കൈപ്പറ്റാനും സാധിക്കും. മുടങ്ങാതെ അംശദായം അടക്കുന്നവർക്ക് 3000 മുതൽ 7000 രൂപ വരെ പെൻഷൻ ലഭിക്കും. അംഗത്വമെടുത്ത് അഞ്ച് വർഷം പൂർത്തീകരിച്ച, കൃത്യമായി അംശദായം അടച്ച് അംഗത്വത്തിൽ തുടരുന്നവർ മരണപ്പെട്ടാൽ അർഹരായ കുടുംബാംഗത്തിന് പെൻഷൻ ലഭിക്കും. മരണാനന്തര ധനസഹായം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസ ആനുകൂല്യം, ശാരീരിക അവശത മൂലം പ്രയാസപ്പെടുന്നവർക്ക് അവശത പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങളും പദ്ധതിയിലൂടെ നൽകുന്നുണ്ട്.

പരിപാടി സംസ്ഥാന പ്രവാസിക്ഷേമ ബോർഡ് ചെയർമാൻ ഗഫൂർ പി ലില്ലിസ് ഉദ്ഘാടനം ചെയ്തു. ഡയറക്ടർ എൻ കെ കുഞ്ഞുമുഹമ്മദ് അധ്യക്ഷത വഹിച്ചു. ഡയറക്ടർ ബോർഡ് അംഗം വിൽസൺ ജോർജ്,സംസ്ഥാനപ്രവാസി ക്ഷേമനിധി ബോർഡ് ഫിനാൻസ് മാനേജർ ടി ജയകുമാർ, ജില്ലാ പ്രവാസി പ്രശ്ന പരിഹാര കമ്മിറ്റി അംഗം സി വി ഇക്ബാൽ, പ്രവാസി ക്ഷേമ ബോർഡ് ഡിഇഒ എസ് നവാസ്, വിവിധ പ്രവാസി സംഘടന ഭാരവാഹികൾ, വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

ക്യാമ്പയിനിൽ പങ്കെടുക്കാൻ സാധിക്കാത്തവർക്ക് കോഴിക്കോട് ലിങ്ക് റോഡിൽ പ്രവർത്തിക്കുന്ന പ്രവാസി ക്ഷേമ ബോർഡ് റീജിയണൽ ഓഫീസിൽനിന്ന് ഈ അനുകൂല്യം ഒരു മാസം വരെ ഉപയോഗപ്പെടുത്താമെന്ന് ഡിഇഒ അറിയിച്ചു.

# ഹിന്ദി ഭാഷ ഐക്യത്തിന്റെയും, സംസ്കാരത്തിന്റെയും പ്രതീകം - അഹമ്മദ് ദേവർകോവിൽ

കോഴിക്കോട്: ഭാരതത്തിന്റെ ഐക്യം ഊട്ടി ഉറപ്പിക്കുന്നതിനും ജനങ്ങളെ ഏകോപ്പിക്കുന്നതിനും ഹിന്ദി ഭാഷവഹിക്കുന്ന പങ്ക് ശ്ലാഘനീയമെന്നും കേരളത്തിൽ എല്ലാ ഭാഷകളും പഠിക്കുവാനും, ഉൾക്കൊള്ളുവാനും ജനങ്ങൾ മടി കാണിക്കാറില്ലെന്നും അതിൽ ഹിന്ദി ഭാഷക്ക് വളരെ പ്രാധാന്യമാണ് നൽകി വരുന്നതെന്നും കേരള ഹിന്ദി പ്രചാര സഭ സംഘടിപ്പിച്ച സുഗമ ഹിന്ദി പരീക്ഷാസമ്മാന വിതരണ സമ്മേളനം ഉദ്ഘാടനം നിർവ്വഹിച്ചു കൊണ്ട് മുൻമന്ത്രിയും, എം എൽ എ യു മായ അഹമ്മദ് ദേവർ കോവിൽ അഭിപ്രായപ്പെട്ടു.

വി.കെ കൃഷ്ണമേനോൻ ഇന്റോർ സ്റ്റേഡിയത്തിലെ സ്പോർട്സ് കൗൺസിൽ ഹാളിൽ നടന്ന ചടങ്ങിൽ കവിയും, ഗാനരചയിതാവുമായ ശ്രീ.പി.കെ ഗോപി മുഖ്യാതിഥിയായി. കേരള ഹിന്ദി പ്രചാര സഭ സെക്രട്ടറി അഡ്വ.ബി മധു അധ്യക്ഷത വഹിച്ച ചടങ്ങിൽ സാമൂഹ്യ സാംസ്ക്കാരിക പ്രവർത്തകൻ .ആർ ജയന്ത് കുമാർ , എൽസി സാമുവൽ , എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു.

ആർ. അനിൽകുമാർ സ്വാഗതവും, കേന്ദ്രീയഹിന്ദി മഹാവിദ്യാലയം പ്രിൻസിപ്പൽ എൻ വിജയ നന്ദിയുമോതിയ ചടങ്ങിൽ കോഴിക്കോട് വയനാട് ജില്ലകളിലെ മികവു പുലർത്തിയ വിദ്യാർത്ഥികൾക്കും വിദ്യാലയങ്ങൾക്കും പുരസ്കാരം നൽകി.



# ആശുപത്രിവളപ്പിൽ ഞാറുനടാനെത്തി, പിന്നാലെ അറസ്റ്റ്

കോഴിക്കോട് ബീച്ചാശുപത്രിയെ തകർക്കുന്ന ഭരണകൂട അനാസ്ഥയ്ക്ക്എതിരേ നാഷണൽ ജനതാദൾ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ആശുപത്രിയിലേക്ക് നടത്തിയ മാർച്ചിൽ ഞാറുനട്ട് പ്രതിഷേധിക്കാൻ എത്തിയ പ്രവർത്തകരെ പോലീസ് അറസ്റ്റുചെയ്ത് നീക്കുന്നു

കോഴിക്കോട് : തകർന്നുകിടക്കുന്ന ഗവ. ബീച്ച് ജനറൽ ആശുപത്രിയിലെ റോഡിൽ ഞാറുനട്ട് പ്രതിഷേധിക്കാനെത്തിയവരെ പോലീസ് അറസ്റ്റുചെയ്ത് നീക്കി.

അറ്റകുറ്റപ്പണി നടത്തി റോഡ് സഞ്ചാരയോഗ്യമാക്കണമെന്ന ആവശ്യമുന്നയിച്ച് നാഷണൽ ജനതാദൾ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിലാണ് പ്രതിഷേധം സംഘടിപ്പിച്ചത്.

നാഷണൽ ജനതാദൾ സംസ്ഥാനസെക്രട്ടറി പി. പ്രദീപ്കുമാർ സമരം ഉദ്ഘാടനംചെയ്തു.

ജില്ലാപ്രസിഡന്റ് പി.പി. അഷ്റഫ് അധ്യക്ഷനായി. ഞാറുമായി ആശുപത്രിക്കുള്ളിൽ കയറാൻ ശ്രമിച്ച യുവജനതാദൾ സംസ്ഥാന പ്രസിഡന്റ് യൂസഫ് അലി മടവൂർ, സംസ്ഥാന ജനറൽ സെക്രട്ടറി ചന്ദ്രൻ പൂക്കിണാറമ്പത്ത്, ടി.എ. സലാം, കെ.കെ. വിശ്വംഭരൻ എന്നിവരെ പോലീസ് അറസ്റ്റുചെയ്ത് വിട്ടയച്ചു.

# 'മീഡിയേഷൻ ഫോർ ദി നേഷൻ' ക്യാമ്പയിന് തുടക്കം

കോടതികളുടെ പരിഗണനയിലുള്ള കേസുകൾ മധ്യസ്ഥത വഴി തീർപ്പാക്കുകയെന്ന ലക്ഷ്യത്തോടെ ദേശീയ നിയമ സേവന അതോറിറ്റിയും സുപ്രീം കോടതിയുടെ മീഡിയേഷൻ ആൻഡ് കൺസിലിയേഷൻ പ്രോജക്റ്റ് കമ്മിറ്റിയും ചേർന്ന് രാജ്യവ്യാപകമായി സംഘടിപ്പിക്കുന്ന 90 ദിവസത്തെ 'മീഡിയേഷൻ ഫോർ ദി നേഷൻ' ക്യാമ്പയിന് ജില്ലയിൽ തുടക്കം.

വിവാഹ സംബന്ധമായ തർക്കങ്ങൾ, വാഹനാപകട നഷ്ടപരിഹാരങ്ങൾ, ഗാർഹിക പീഡനക്കേസുകൾ, ചെക്ക്, കൊമേഴ്സ്യൽ, സ്വത്ത്, ഉപഭോക്തൃ സേവന കേസുകൾ, സിവിൽ, കോമ്പൗണ്ടബിൾ ക്രിമിനൽ കേസുകൾ എന്നിവയാണ് മധ്യസ്ഥതയിലൂടെ പരിഹരിക്കുക.ജൂലൈ 31 വരെ മീഡിയേഷന് അനുയോജ്യമായ കേസുകൾ തെരഞ്ഞെടുക്കുകയും കക്ഷികളെ അറിയിച്ച ശേഷം മധ്യസ്ഥ കേന്ദ്രങ്ങൾക്ക് കൈമാറുകയും പരിചയ സമ്പന്നരായ മുതിർന്ന അഭിഭാഷകർ, റിട്ട. ജഡ്ജിമാർ തുടങ്ങിയവർ ഉൾപ്പെടെയുള്ള മീഡിയേറ്റർമാരുടെ മധ്യസ്ഥതയിൽ തീർപ്പാക്കൽ ശ്രമം നടത്തുകയും ചെയ്യും. നേരിട്ട് ഹാജരാകാൻ പ്രയാസമുള്ള കക്ഷികൾക്കായി ഓൺലൈൻ സംവിധാനവും ഉപയോഗപ്പെടുത്തും. സേവനങ്ങൾ സൗജന്യമായിരിക്കും. മധ്യസ്ഥത വഴി തീരുന്ന കേസുകളിൽ അടച്ച കോടതിഫീസ് പൂർണമായും തിരികെ നൽകും. ജൂലൈ ഒന്നിന് ആരംഭിച്ച ക്യാമ്പയിൻ സെപ്റ്റംബർ 30ന് അവസാനിക്കും. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ കോടതിയിലെ മീഡിയേഷൻ സെന്ററുമായി ബന്ധപ്പെടാം.

# ടെണ്ടർ ക്ഷണിച്ചു

കുന്ദമംഗലം ഐസിഡിഎസ് പ്രോജക്ട് പരിധിയിലെ പെരുവയൽ, പെരുമണ്ണ, കുരുവട്ടൂർ, ചാത്തമംഗലം, കുന്ദമംഗലം പഞ്ചായത്തുകളിലെ 184 അങ്കണവാടികളിൽ പാൽ, മുട്ട എന്നിവ വിതരണം ചെയ്യാൻ ടെണ്ടർ ക്ഷണിച്ചു. ടെണ്ടറുകൾ സ്വീകരിക്കുന്ന അവസാന തിയതി ജൂലൈ 19. ഫോൺ: 949599406.

## പാൽ, മുട്ട വിതരണം: ടെണ്ടർ ക്ഷണിച്ചു

കൊയിലാണ്ടി പന്തലായനി ശിശുവികസന പദ്ധതി കാര്യാലയത്തിന് കീഴിലെ നാല് പഞ്ചായത്തുകളിലെ 116 അങ്കണവാടികളിൽ പാൽ, മുട്ട എന്നിവ വിതരണം ചെയ്യാൻ ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ സ്വീകരിക്കുന്ന അവസാന തിയതി ജൂലൈ 23ന് ഉച്ച രണ്ട് മണി. ഫോൺ: 8281999297.

## സ്റ്റുഡന്റ് കൗൺസിലർ നിയമനം

കോഴിക്കോട്ടെ വിവിധ പ്രീ-മെട്രിക് ഹോസ്റ്റലുകളിലെ സ്റ്റുഡന്റ് കൗൺസിലറുടെ ഒഴിവിലേക്ക് (വനിത) കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തും. യോഗ്യത: എംഎ സൈക്കോളജി, എംഎസ്ഡബ്ല്യു (സ്റ്റുഡന്റ് കൗൺസിലിങ്ങിൽ പരിശീലനം നേടിയവരാകണം), എം എസ് സി സൈക്കോളജി (കേരളത്തിന് പുറത്തുള്ള സർവകലാശാലയിൽനിന്ന് യോഗ്യത നേടിയവർ തുല്യത സർട്ടിഫിക്കറ്റ് ഹാജരാക്കണം). പ്രായപരിധി: 2025 ജനുവരി ഒന്നിന് 25–45. അസൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും സഹിതം ജൂലൈ 22ന് രാവിലെ 11ന് ജില്ലാ ട്രൈബൽ ഡെവലപമെന്റ് ഓഫീസിൽ അഭിമുഖത്തിനെത്തണം. ഫോൺ: 0495 2376364.

## സംരംഭകത്വ പരിശീലനം

കോഴിക്കോട് മാത്തറയിലെ കനറാ ബാങ്ക് ഗ്രാമീണ സ്വയംതൊഴിൽ പരിശീലന കേന്ദ്രത്തിൽ 10 ദിവസത്തെ സൗജന്യ ട്രാവൽ ആൻഡ് ടൂറിസ്റ്റ് ഗൈഡ് സംരംഭകത്വ പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. പ്രായപരിധി: 18 –45. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 23. ഫോൺ: 9447276470.

## ഐടിഐ കൗൺസിലിങ്

ബേപ്പൂർ ഗവ. ഐടിഐയിൽ ഹോസ്പിറ്റൽ ഹൗസ് കീപ്പിങ് ട്രേഡിലേക്ക് അപേക്ഷിച്ച പെൺകുട്ടികൾക്ക് ജൂലൈ 22ന് കൗൺസിലിങ് നടത്തും. ആധാർ കാർഡും സർട്ടിഫിക്കറ്റുകളും സഹിതം രാവിലെ 10ന് എത്തണം. ഫോൺ: 8086141406, 9037559251.




# ചേമഞ്ചേരി പഞ്ചായത്തിലേക്ക് ജനകീയ മാർച്ച് നടത്തി

കോഴിക്കോട് പൂക്കോട്മുക്കാടി റോഡ് ഗതാഗത യോഗ്യമാക്കുക.

വെള്ളക്കെട്ടിന് പരിഹാരം കാണുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് ആക്ഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രക്ഷോഭം സംഘടിപ്പിച്ചു. റോഡിന്റെ ശോച്യാവസ്ഥയ്ക്കെതിരെ ചേമഞ്ചേരി പഞ്ചായത്തിലേക്ക് ജനകീയ മാർച്ച് നടത്തി.500-ൽ അധികം ആളുകൾ മാർച്ചിൽ പങ്കെടുത്തു.

ബ്ലൂ ഫ്ലാഗ് സർട്ടിഫൈഡ് റോഡിന്റെ ഗുരുതരമായ ശോചനീയാവസ്ഥയും അധികൃതരുടെ അനാസ്ഥയും കൂടി പൊതുജനശ്രദ്ധയിൽ കൊണ്ട് വരാൻ കൂടെയാണ് മാർച്ച് നടത്തിയത്. കഴിഞ്ഞ അഞ്ചു വർഷത്തെ ഭരണസമിതിയുടെ കീഴിൽ, ഒരു പ്രധാന ഡ്രെയിനേജ് സംവിധാനം പോലും ഒരുക്കാതെയാണ് പല അപ്രസക്ത റോഡുകളിലും പഞ്ചായത്ത് പ്രവർത്തികൾ നടത്തിയത്.

## മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ സഹായം

സംസ്ഥാന ഫിഷറീസ് വകുപ്പിന് കീഴിലെ സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ്) മുഖേന തീരമൈത്രി പദ്ധതിയുടെ ഭാഗമായി സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ മത്സ്യത്തൊഴിലാളി വനിതകളിൽനിന്ന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ഫോം ജില്ലാ സാഫ് നോഡൽ ഓഫീസ്, സാഫ് വെബ്സൈറ്റ്, ഫിഷറീസ് വകുപ്പ് വെബ്സൈറ്റ് എന്നിവയിൽ ലഭിക്കും. ഒരംഗത്തിന് പരമാവധി ഒരു ലക്ഷം രൂപ നിരക്കിൽ അഞ്ച് പേരടങ്ങുന്ന ഗ്രൂപ്പിന് പരമാവധി അഞ്ച് ലക്ഷം രൂപ വരെയാണ് ഗ്രാന്റ് ലഭിക്കുക. അപേക്ഷകർ മത്സ്യഗ്രാമങ്ങളിലെ സ്ഥിരതാമസക്കാരോ മത്സ്യത്തൊഴിലാളിയുടെ ആശ്രിതരോ പരമ്പരാഗതമായി മത്സ്യക്കച്ചവടം നടത്തുന്നവരോ ആയ 20നും 50നും ഇടയിൽ പ്രായമുള്ളവരാകണം. ജൂലൈ 30ന് വൈകിട്ട് അഞ്ച് വരെ സാഫ് നോഡൽ ഓഫീസിലും അതത് മത്സ്യഭവനുകളിലും അപേക്ഷ സ്വീകരിക്കും. സാഫിൽ നിന്ന് നേരത്തെ ധനസഹായം ലഭിച്ചവർ അപേക്ഷിക്കേണ്ടതില്ല. ഫോൺ: 8943164472, 9946212231, 7094747427.

## ഡിസിസിയുടെ തീരദേശ സദസ്സുകൾ ഓഗസ്റ്റ് രണ്ടുമുതൽ

കോഴിക്കോട് : 'കടൽ കടലിന്റെ മക്കൾക്ക്, കടലോരമക്കൾക്കൊപ്പം' എന്ന പ്രമേയത്തിൽ ഡിസിസി പ്രസിഡന്റ് കെ. പ്രവീൺകുമാറിന്റെ നേതൃത്വത്തിലുള്ള തീരദേശസദസ്സുകൾ ഓഗസ്റ്റ് രണ്ടുമുതൽ അഞ്ചുവരെ നടക്കും.ഓഗസ്റ്റ് രണ്ടിന് അഴിയൂർ, വടകര എന്നിവിടങ്ങളിലും മൂന്നിന് പയ്യോളി, കൊയിലാണ്ടി എന്നിവിടങ്ങളിലും നാലിന് കാപ്പാട്, പുതിയാപ്പ എന്നിവിടങ്ങളിലും അഞ്ചിന് മുഖദാർ, ചാലിയം എന്നിവിടങ്ങളിലുമാണ് തീരദേശസദസ്സുകൾ.മണ്ണെണ്ണയുടെ സബ്സിഡി പുനഃസ്ഥാപിക്കുക, തീരദേശ റോഡുകളുടെ തകർച്ച പരിഹരിക്കുക, സിആർസെഡ് നിയമത്തിലെ അപാകങ്ങൾ പരിഹരിക്കുക, കടൽഭിത്തിയില്ലായ്മ പരിഹരിക്കുക, മത്സ്യബന്ധനങ്ങളിൽ വരുന്ന നിയന്ത്രണങ്ങൾ ലഘൂകരിക്കുക, ഭവനപദ്ധതി അട്ടിമറിക്കപ്പെട്ടത് പരിഹരിക്കുക തുടങ്ങിയ ആവശ്യങ്ങളുയർത്തിയാണ് സദസ്സുകൾ.

# മറൈൻപാർക്കിന്റെ സ്ഥലമെടുപ്പ് ഭൂവുടമകൾക്ക് പണം നൽകിയില്ല; സിവിൽസ്റ്റേഷൻ ജപ്തിചെയ്യാൻ ഉത്തരവ്

കോഴിക്കോട് : മാറാട് കിൻഫ്രയുടെ മറൈൻപാർക്കിനായി പതിനഞ്ചുവർഷം മുൻപ് ഏറ്റെടുത്ത ഭൂമിയുടെ നഷ്ടപരിഹാരത്തുക നൽകിയില്ല. കോഴിക്കോട് സിവിൽ സ്റ്റേഷൻ ജപ്തിചെയ്യാൻ കോടതി ഉത്തരവിട്ടു. പ്രിൻസിപ്പൽ സബ്കോടതി ജഡ്ജി ലീന റഷീദാണ് സിവിൽ സ്റ്റേഷനിലെ 9.52 ഏക്കർ ഭൂമിയും കളക്ടറേറ്റ് അടക്കമുള്ള കെട്ടിടങ്ങളും ജപ്തി ചെയ്യാൻ ഉത്തരവിട്ടത്.

പലിശയടക്കം 64 കോടി രൂപയാണ് സർക്കാർ ഭൂവുടമകൾക്ക് നൽകാനുള്ളത്. 2010-ലാണ് മറൈൻപാർക്കിനായി 22 ഏക്കർ ഭൂമി സർക്കാർ ഏറ്റെടുത്തത്. അന്ന് സെന്റിന് മുപ്പതിനായിരം രൂപ വീതമാണ് നിശ്ചയിച്ചത്. തുടർന്ന് നഷ്ടപരിഹാരത്തുക കുറവാണെന്ന് കാണിച്ച് അഡ്വ. കെ.എം. റോയി മുഖേനെ ഇതിനെതിരേ ഉടമകൾ കോടതിയെ സമീപിച്ചതോടെ ഒന്നരലക്ഷമായി ഉയർത്തി. ഇതിനെതിരേ സർക്കാർ ഹൈക്കോടതിയിൽ നൽകിയ അപ്പീലും റിവിഷൻ പെറ്റീഷനുമെല്ലാം കോടതി തള്ളി.

നിയമനടപടികൾ നീണ്ട് ഇത്രയും വർഷമായതോടെ 21 കോടിരൂപ എന്നത് 64 കോടിയായി വർധിച്ചു. ഇതു നൽകുന്നത് നീണ്ടതോടെയാണ് കോടതി ഉത്തരവിട്ടത്. 18-ന് വീണ്ടും കേസ് പരിഗണിക്കും. പണമടച്ചില്ലെങ്കിൽ ലേലം ചെയ്യലാണ് നടപടി. 19 പേരുടെ ഭൂമിയാണ് സർക്കാർ 2010-ൽ ഏറ്റെടുത്തത്. അതിൽനാലുപേർ മരിച്ചു. മത്സ്യ ഉത്പന്നങ്ങൾക്കായി അത്യാധുനിക സംവിധാനങ്ങളോടെയുള്ള പാർക്കാണ് സർക്കാർ വിഭാവനം ചെയ്തത്. പക്ഷേ, പിന്നീട് ഒന്നും ചെയ്യാത്തതിനാൽ സ്ഥലം കാടുപിടിച്ചുകിടക്കുകയാണ്.

# നിപ സമ്പർക്കപ്പട്ടികയിൽ 648 പേർ; കോഴിക്കോട്ട് 115

**ഐസൊലേഷൻ കാലം പൂർത്തിയാക്കിയ 33 പേരെ സമ്പർക്കപ്പട്ടികയിൽനിന്ന് ഒഴിവാക്കി**

സംസ്ഥാനത്ത് നിപ സമ്പർക്കപ്പട്ടികയിലുള്ളത് 648 പേരെന്ന് ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്. കോഴിക്കോട് 115, മലപ്പുറം 110, പാലക്കാട് 421, എറണാകുളം 1, തൃശൂർ 1 എന്നിങ്ങനെയാണ് സമ്പർക്കപ്പട്ടികയിലുള്ളവർ. മലപ്പുറത്ത് 13 പേർ ഐസൊലേഷനിൽ ചികിത്സയിലുണ്ട്. ജില്ലയിൽ ഇതുവരെ 97 സാമ്പിളുകൾ നെഗറ്റീവ് ആയിട്ടുണ്ട്. ഐസൊലേഷൻ കാലം പൂർത്തിയാക്കിയ മലപ്പുറത്തെ 21 പേരെയും പാലക്കാട്ടെ 12 പേരെയും സമ്പർക്കപ്പട്ടികയിൽനിന്ന് ഒഴിവാക്കി. പാലക്കാട് 17 പേർ ഐസൊലേഷനിൽ ചികിത്സയിലാണ്. സംസ്ഥാനത്ത് ആകെ 30 പേർ ഹൈയസ്റ്റ് റിസ്കിലും 97 പേർ ഹൈ റിസ്ക് വിഭാഗത്തിലും നിരീക്ഷണത്തിലാണ്.മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ ചേർന്ന ഉന്നതതല യോഗത്തിൽ ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, അഡീഷണൽ ഡയറക്ടർമാർ, ജില്ലാ കലക്ടർമാർ, ജില്ലാ മെഡിക്കൽ ഓഫീസർമാർ, പോലീസ് ഉദ്യോഗസ്ഥർ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

# സാംസങ് ഗാലക്സി ഫോൾഡ് 7, ഫ്ളിപ് 7; ലോഞ്ചിങ് നടന്നു

ലോകപ്രശസ്ത സ്മാർട്ട് ഫോൺ ബ്രാൻഡായ സാംസങ് ഏറ്റവും പുതിയതായി പുറത്തിറക്കിയ സാംസങ് ഗാലക്സി ഇസെഡ് ഫോൾഡ് 7, ഇസെഡ് ഫ്ളിപ് 7, സാംസങ് ഗാലക്സി വാച്ച് 8 സീരീസ് എന്നിവയുടെ ഇന്ത്യയിലെ ആദ്യ ലോഞ്ച് മൈജിയുടെ നേതൃത്വത്തിൽ കോഴിക്കോട് നടന്നു. സാംസങ് ഇന്ത്യ സീനിയർ വൈസ് പ്രസിഡന്റ് രാജു ആന്റണി പുല്ലൻ, മൈജിയുടെ ചെയർമാൻ എ. കെ. ഷാജി, സാംസങ് റീട്ടെയിൽ മാർക്കറ്റിംങ് ഹെഡ് ഋഷി കുൽശ്രസ്ത, സാംസങ് സൗത്ത് എക്സ്പാറ്റ് ജുൻ ഹ കിം എന്നിവർ പങ്കെടുത്തു.

4.2 ാാ തിക്നെസോട് കൂടി സ്നാപ്ഡ്രാഗൺ 8 എലൈറ്റ് ചിപ്പ്സെറ്റുമായി എത്തിയ ഫോൾഡ് 7 ക്യാമറ ഫീച്ചേഴ്സിൽ മുൻപന്തിയിലാണ്. 200 മെഗാ പിക്സൽ ക്യാമറയാണ് ഫോൾഡ് 7 ന് സാംസങ് നൽകിയിരിക്കുന്നത്. സാംസങിന്റെ എക്സിനോസ് 2500 ചിപ്പിൽ വരുന്ന ഏറ്റവും സ്ലിം ആയ ഗാലക്സി ഫ്ളിപ് ഫോണാണ് ഇസെഡ് ഫ്ളിപ് 7. ലോഞ്ചിനോടനുബന്ധിച്ച് ഒട്ടനവധി ഓഫറുകളാണ് മൈജിയും സാംസങ്ങും കൂടി ഒരുക്കിയിരിക്കുന്നത്. 256 ഏആ യുടെ പ്രൈസിൽ 512 ഏആ സ്വന്തമാക്കാം എന്നതാണ് ഇതിൽ ഏറ്റവും ആകർഷകമായ ഒന്ന്. കൂടാതെ പ്രതിദിനം 243 രൂപയ്ക്ക് ഫോൾഡ് 7 , 512 ഏആ കസ്റ്റമേഴ്സിന് സ്വന്തമാക്കാം. ഇതിൽ 24 മാസതവണ വ്യവസ്ഥയിൽ സീറോ ഡൗൺപേയ്മെന്റും സീറോ ഇന്ററസ്റ്റ് സ്കീമും മൈജി ഒരുക്കിയിരിക്കുന്നു. ഇന്ത്യയിൽ സാംസങിന്റെ ഏറ്റവും വലിയ ഞഞഎ പാർട്ട്ണറാണ് മൈജി, അതിനാൽ ഏറ്റവും കൂടുതൽ സ്റ്റോക്കും ഏറ്റവും കൂടുതൽ കളർ വേരിയന്റുകളും ആദ്യം എത്തിയിരിക്കുന്നത് മൈജിയിലാണ്.

ഇസെഡ്ഫോൾഡ് 7നും ഇസെഡ് ഫ്ളിപ് 7നും ആദ്യം സ്വന്തമാക്കാനുള്ള അവസരം മൈജി കസ്റ്റമേഴ്സിനായി ഒരുക്കിയിരിക്കുന്നു. പഴയ ഫോണുകൾ ഏറ്റവും മികച്ച വിലയിൽ എക്സ്ചേഞ്ച് ചെയ്ത് പുതിയ ഫോൾഡ് 7 നും ഫ്ലിപ്പ് 7 നും സ്വന്തമാക്കാനുള്ള സ്പെഷ്യൽ അവസരവും മൈജിയിലുണ്ട്.

# കാലവർഷം: ജില്ലയിലുണ്ടായത് 44 കോടിയുടെ കൃഷിനാശം

- ഏറ്റവും കൂടുതൽ നാശം തോടന്നൂർ ബ്ലോക്കിൽ –18.7 കോടി
- കൂടുതൽ ബാധിച്ചത് വാഴ കർഷകരെ

ഈ വർഷം മെയ് ഒന്ന് മുതൽ പെയ്ത മഴയിൽ ജില്ലയിലെ വിവിധ ഭാഗങ്ങളിലായി 44 കോടിയിലേറെ രൂപയുടെ കൃഷിനാശമുണ്ടായതായി കൃഷിവകുപ്പിന്റെ കണക്കുകൾ. 17,671 കർഷകരുടെ 2000ത്തിലേറെ ഹെക്ടർ കൃഷിഭൂമിയെ മഴക്കെടുതി ബാധിച്ചു.

തോടന്നൂർ ബ്ലോക്കിലാണ് ഏറ്റവും കൂടുതൽ കൃഷിനാശമുണ്ടായത്. 300ഓളം ഹെക്ടറിലായി 18.7 കോടി രൂപയുടെ കൃഷിനാശമാണ് ഇവിടെ റിപ്പോർട്ട് ചെയ്തത്. ബ്ലോക്കിലെ 2700ലേറെ കർഷകരെ കാലവർഷക്കെടുതി ബാധിച്ചു. 8.73 കോടി രൂപയുടെ കൃഷിനാശമാണ് മുക്കം ബ്ലോക്കിൽ റിപ്പോർട്ട് ചെയ്യപ്പെട്ടത്. 72 ഹെക്ടറുകളിലായി 1750ഓളം കർഷകർ ഇവിടെ മഴക്കെടുതികൾക്കിരയായി. പേരാമ്പ്ര ബ്ലോക്കിൽ 78 ഹെക്ടറുകളിലായി 2200ലേറെ കർഷകരുടെ കൃഷിയാണ് കാലവർഷത്തിൽ നശിച്ചത്. 5.2 കോടി രൂപയുടെ നഷ്ടമാണ് ഇവിടെ കണക്കാക്കുന്നത്. കൊടുവള്ളി ബ്ലോക്കിൽ 30 ഹെക്ടറുകളിലായി 1277 കർഷകരുടെ 2.3 കോടി രൂപയുടെ കാർഷിക വിളകളാണ് നശിച്ചത്. കാക്കൂർ, കൊയിലാണ്ടി, കുന്നുമ്മൽ, തിക്കോടി, ഉള്ള്യേരി, വടകര ബ്ലോക്കുകളിലും ഒരു കോടിയിലേറെ രൂപയുടെ കൃഷിനാശമുണ്ടായി. തൂണേരി ബ്ലോക്കിൽ 75 ലക്ഷത്തിന്റെയും കോഴിക്കോട് ബ്ലോക്കിൽ 59 ലക്ഷത്തിന്റെയും കൃഷിയാണ് ഇത്തവണത്തെ മഴയിൽ നശിച്ചത്.

മഴക്കെടുതി ഏറ്റവും കൂടുതൽ ബാധിച്ചത് വാഴക്കൃഷിയെയാണ്. ജില്ലയിലാകെ ആറര ലക്ഷത്തോളം വാഴകളാണ് കാറ്റിലും മഴയിലും നശിച്ചത്. 35 കോടി രൂപയുടെ നഷ്ടം വാഴകർഷകർക്കുണ്ടായി. അയ്യായിരത്തോളം തെങ്ങുകളെയും കാലവർഷം ബാധിച്ചു. ഇതുവഴി 4.5 കോടിയുടെ നാശനഷ്ടമുണ്ടായതാണ് കണക്ക്. 175 ഹെക്ടർ ഭൂമിയിലെ നെല്ല് നശിച്ച് 2.6 കോടി രൂപയുടെ നഷ്ടവുമുണ്ടായി.



കോഴിക്കോട് ബീച്ച് ഗവ. ജനറൽ ആശുപത്രിയിൽ ഒപി ടിക്കറ്റെടുക്കുന്ന ഭാഗത്തെ ശോച്യാവസ്ഥയിലായ റോഡ്

# കോഴിക്കോട് ബീച്ച് ആശുപത്രി വളപ്പിൽ യാത്രക്കാരെ വീഴ്ത്താൻ റോഡിന് ക്വട്ടേഷൻ

കോഴിക്കോട്: ഗവ. ജനറൽ (ബീച്ച്) ആശുപത്രി വളപ്പിലെ റോഡിലൂടെ ഇരുചക്ര വാഹനത്തിലോ നടന്നോ പോയാൽ പലപ്പോഴും പരുക്കേറ്റ് അത്യാഹിത വിഭാഗത്തിലെത്താം എന്നതാണ് അവസ്ഥ. ആശുപത്രിയിലെ ഒപി, അത്യാഹിത വിഭാഗത്തിലേക്കുള്ള പ്രവേശന ഭാഗത്ത് കുറച്ചു ഭാഗം റോഡ് കോൺക്രീറ്റ് ചെയ്ത് ഉയർത്തിയിട്ടുണ്ട്. അതു കഴിഞ്ഞാൽ പിന്നീട് ടാറിങ് തകർന്നു ചെറുതും വലുതുമായ കുഴികളാണ്. അത്യാഹിത വിഭാഗം, ഒപി എന്നിവയിലേക്കു പ്രവേശിക്കുന്ന സ്ഥലത്തു വരെ വെള്ളക്കെട്ടാണ്. ഈ മാസം അവസാനം നാഷനൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേഡ് പരിശോധനയ്ക്കു തയാറെടുക്കുന്ന ജില്ലയിലെ പ്രധാന ആശുപത്രിയുടെ വളപ്പിലെ റോഡിന്റെ അവസ്ഥയാണിത്. മേയർ, എംഎൽഎ, കലക്ടർ തുടങ്ങിയവരെല്ലാം റോഡിന്റെ ശോച്യാവസ്ഥയും രോഗികൾ അനുഭവിക്കുന്ന ദുരിതവും കണ്ടതാണ്. കഴിഞ്ഞ ദിവസം നടന്ന ആശുപത്രി വികസന സമിതി യോഗത്തിലും റോഡ് ഗതാഗത യോഗ്യമാക്കേണ്ടതിന്റെ ആവശ്യം പല അംഗങ്ങളും ചൂണ്ടിക്കാട്ടി. ഇവിടെ വാഹനങ്ങൾ നിർത്തുന്നതിനു വരെ ഫീസ് ഈടാക്കുന്നുണ്ട്. ഇതിൽ നിന്നു കുറച്ചു പണം എടുത്തെങ്കിലും റോഡ് ഗതാഗത യോഗ്യമാക്കിക്കൂടേ എന്നാണ് രോഗികളും കൂട്ടിരിപ്പുകാരും ചോദിക്കുന്നത്. ഒപി ടിക്കറ്റ് കൗണ്ടർ, കൗമാര സൗഹൃദ ആരോഗ്യ കേന്ദ്രം എന്നിവിടങ്ങളിലേക്കു നേരാംവണ്ണം പ്രവേശിക്കാൻ പോലും പറ്റാതെ റോഡിൽ ചെളിയും വെള്ളവും നിറഞ്ഞു കിടക്കുന്നു. ഇഎൻടി, കുട്ടികളുടെ വിഭാഗം, ഹൃദ്രോഗം, നേത്ര രോഗ വിഭാഗം ഒപികൾ, പനി ക്ലിനിക്, റീജനൽ പബ്ലിക് ഹെൽത്ത് ലബോറട്ടറി, ആശുപത്രി ഓഫിസ് എന്നിവിടങ്ങളിലേക്കെല്ലാം തകർന്ന റോഡിലൂടെയാണ് പോകേണ്ടത്. ഇന്നലെ വൈകിട്ട് ഇതുവഴി പോയ ഇരുചക്ര വാഹന യാത്രക്കാരായ 2 പെൺകുട്ടികൾ റോഡിൽ തെന്നി വീണെങ്കിലും വലിയ പരുക്കേൽക്കാതെ രക്ഷപ്പെട്ടു. വസ്ത്രത്തിൽ ചെളിയായതിനാൽ മാറ്റിവരണം. അതിനാൽ വീട്ടിലേക്കു പോകുകയാണെന്നാണ് കുട്ടികൾ പറഞ്ഞത്.



കനത്ത മഴയിൽ മായനാട് ചെറുകുന്നത്ത് ദേവദാസന്റെ വീടിന്റെ മേൽക്കൂര വ്യാഴാഴ്ച തകർന്നുവീണപ്പോൾ

# ബിസിനസ് മേഖല മനുഷ്യ കേന്ദ്രീകൃതമാവണം –ശോഭനാ ജയമാധവൻ

കോഴിക്കോട് : ലാഭം മാത്രം ലക്ഷ്യമാക്കാതെ ബിസിനസ് മേഖല മനുഷ്യ കേന്ദ്രീകൃതമാവണമെന്നും വരുംതലമുറയ്ക്കുവേണ്ടിഎന്തെങ്കിലുമൊക്കെ ചെയ്യണമെന്നും ബിസി ഇന്ത്യ ബിസിനസ് നെറ്റ്വർക്ക് പ്രസിഡന്റ് ശോഭനാ ജയമാധവൻ പറഞ്ഞു. കാലിക്കറ്റ് മാനേജ്മെന്റ് അസോസിയേഷൻ സംഘടിപ്പിച്ച യോഗത്തിൽ 'ഇന്നത്തെ ലോകത്തിൽ ബിസിനസിന്റെ പങ്ക്, ഭാവി പ്രവർത്തനത്തിലും' എന്ന വിഷയത്തിൽ പ്രഭാഷണംനടത്തുകയായിരുന്നു അവർ.

ലോകം എക്കാലവും ഉള്ളവരും ഇല്ലാത്തവരും ചേർന്നതാണ്. ഏതെങ്കിലും വിധത്തിൽ ഇല്ലായ്മ അനുഭവിക്കുന്നവരെ സഹായിക്കേണ്ടത് ബിസിനസ് രംഗം ഉൾപ്പെടെ എല്ലാ ജീവിത വഴികളിലുമുള്ളവരുടെ കടമയാണ്. അമേരിക്കൻ കുത്തക കമ്പനികൾ ആദിവാസികളെയും ചേരിനിവാസികളെയും സഹായിക്കുന്നതും മെച്ചപ്പെട്ട ജീവിതത്തിന് പ്രാപ്തരാക്കുന്നതും കണ്ടിട്ടുണ്ട്.



കോഴിക്കോട് ഹൈസൺ ഹെറിറ്റേജിൽ കാലിക്കറ്റ് മാനേജ്മെന്റ് അസോസിയേഷൻ ഒരുക്കിയ ചടങ്ങിൽ ബിസി ഇന്ത്യ ബിസിനസ് നെറ്റ്വർക്ക് പ്രസിഡന്റ് ശോഭനാ ജയമാധവൻ പ്രഭാഷണം നടത്തുന്നു

അതുപോലെ ബിസിനസ് സമൂഹം മൊത്തം സേവനമനോഭാവം കൈവരിക്കണം. സിഎസ്ആർ ഫണ്ടിൽമാത്രം ഒതുങ്ങുന്ന ഉത്തരവാദിത്വമല്ല അതെന്നും അവർ പറഞ്ഞു.

പ്രസിഡന്റ് കെ. ആനന്ദമണി അധ്യക്ഷതവഹിച്ചു. സെക്രട്ടറി രവി ചന്ദ്രശേഖർ, എം. അത്ഭുത ജ്യോതി, എച്ച്. പ്രദീപ്, ടി. റോണി ജോൺ എന്നിവർ സംസാരിച്ചു.

# മദ്യലഹരിയിൽ ട്രെയിനിനുള്ളിൽ കത്തി വീശി യാത്രക്കാരന്റെ പരാക്രമം; രണ്ടുപേർക്ക് പരിക്ക്

കോഴിക്കോട്: മദ്യലഹരിയിൽ ട്രെയിനിൽ കത്തി വീശി യാത്രക്കാരന്റെ പരാക്രമം. ആക്രമണത്തിൽ രണ്ടുപേർക്ക് പരിക്കേറ്റു. അക്രമിയെ ആർപിഎഫ് കസ്റ്റഡിയിൽ എടുത്തു. വെള്ളിയാഴ്ച രാത്രി ബാംഗ്ലൂർ-പുതുച്ചേരി ട്രെയിനിലെ ജനറൽ കമ്പാർട്ട്മെന്റിൽ ആണ് അക്രമം നടന്നത്.ട്രെയിൻ കോഴിക്കോട് റെയിൽവേ സ്റ്റേഷൻ കടന്ന് കടലുണ്ടി റെയിൽവേ ഗേറ്റിന് സമീപം എത്തിയപ്പോഴാണ് യാത്രക്കാരനായ ഒരാൾ സഹയാത്രികനുനേരെ കത്തി വീശിയത്. അക്രമിയും പരിക്കേറ്റയാളും തമിഴ്നാട് സ്വദേശികളാണ്. ഇരുവരും തമ്മിലുള്ള വാക്കുതർക്കമാണ് കത്തിവീശുന്ന നിലയിലേക്ക് എത്തിയത്. ഇരുവരും മദ്യലഹരിയിലായിരുന്നു എന്നാണ് വിവരം.

രണ്ടുപേർക്ക് പരിക്കേറ്റതോടെ മറ്റ് യാത്രക്കാർ അപായച്ചങ്ങല വലിച്ച് ട്രെയിൻ നിർത്തി. പിന്നാലെയാണ് ആർപിഎഫ് എത്തി അക്രമിയേയും ഒപ്പമുണ്ടായിരുന്ന ആളേയും കസ്റ്റഡിയിൽ എടുത്തത്. ഇരുവരേയും അറസ്റ്റു ചെയ്ത് ആർപിഎഫ് തിരൂർ സ്റ്റേഷനിൽ ഇറങ്ങിയതായാണ് ഒടുവിൽ ലഭിക്കുന്ന വിവരം.

# ബോചെ പാർട്ണർമാർക്ക് ധനസഹായ വിതരണം നടത്തി

തൃശൂർ: ബോചെ പാർട്ണർമാർക്ക് വീട് നിർമ്മിക്കുന്നതിനും, ചികിത്സയ്ക്കുമുള്ള ധനസഹായം വിതരണം ചെയ്തു. ഇ.ടി.

ബോചെയുടെ സാന്നിധ്യത്തിൽ ചെക്കുകൾ കൈമാറി. സജീവൻ, സദാനന്ദൻ, ധർമ്മരാജൻ എന്നീ ബോചെ പാർട്ണർമാർക്കാണ് ബോചെ ഫാൻസ് ചാരിറ്റബിൾ ട്രസ്റ്റിന്റെ ധനസഹായം ലഭിച്ചത്.



ബോചെ ബ്രഹ്മി ടീ വിപണിയിലിറക്കുന്നതിന്റെ ഭാഗമായാണ് ചടങ്ങ് സംഘടിപ്പിച്ചത്. ബോചെ ബ്രഹ്മി ടീ വാങ്ങുന്നവർക്ക് ടീ പാക്കറ്റിനൊപ്പം ലഭിക്കുന്ന സ്ക്രാച്ച് & വിൻ കാർഡിലൂടെ ഫൽറ്റുകൾ, കാറുകൾ, ടൂ വീലറുകൾ, ഐ ഫോണുകൾ, ബോചെ പബ്ബിൽ നിന്നും ഒരു കുപ്പി ബോചെ പാനീയം, ടീ പാക്കറ്റ്, ബോബി ചെമ്മണൂർ ഇന്റർനാഷണൽ ജ്വല്ലേഴ്സിന്റെ ക്യാഷ് വൗച്ചർ എന്നീ സമ്മാനങ്ങൾ നേടാം. കൂടാതെ സ്ക്രാച്ച് & വിൻ കാർഡിലൂടെ ആയിരക്കണക്കിന് രൂപയുടെ സമ്മാനങ്ങൾ ദിവസേന ചുരണ്ടി നേടാം.കൊടുങ്ങല്ലൂർ സീഷോർ റെസിഡൻസി ഹോട്ടലിൽ നടന്ന ചടങ്ങിൽ ബോബി ചെമ്മണൂർ ഇന്റർനാഷണൽ ഗ്രൂപ്പ് സി. ഇ. ഒ. സഞ്ജയ് ജോർജ്, രാജേഷ് വർമ്മ (ബോചെ ടീ സി. ഇ. ഒ.) ഡോ. മൂർത്തി (ബോചെ പേ), അൻഷാദ് അലി (ഗ്രൂപ്പ് ബിസിനസ് ഹെഡ്), ആനി (ബോചെ ഫാൻസ് ചാരിറ്റബിൾ ട്രസ്റ്റ് സ്റ്റേറ്റ് കോഓർഡിനേറ്റർ) എന്നിവരും തിരഞ്ഞെടുക്കപ്പെട്ട 250 ബോചെ പാർട്ണർമാരും പങ്കെടുത്തു.

# പച്ചതുരുത്താകും കണ്ണൂർ അടുത്ത മാസം ലക്ഷ്യത്തിലെത്തും

കണ്ണൂർ: ആഗസ്റ്റ് മാസത്തോടെ കണ്ണൂർ സമ്പൂർണ പച്ചതുരുത്ത് ജില്ലയാകും.ജില്ലയിൽ 329 പച്ചതുരുത്തുകളൊരുക്കാനാണ് ലക്ഷ്യമിടുന്നത്. തരിശുഭൂമിയിൽ പച്ചപ്പൊരുക്കി ജൈവ വൈവിധ്യം കത്ത് സൂക്ഷിക്കാനും കാലാവസ്ഥ വ്യതിയാനത്തെ തടയാനുമുള്ള ലക്ഷ്യത്തോടെയാണ് ഹരിത കേരളം മിഷൻ പച്ചത്തുരുത്ത് വ്യാപനപ്രവർത്തനത്തിന് തുടക്കമിട്ടത്. ജില്ലയിൽ ഉദയഗിരി ഗ്രാമ പഞ്ചായത്താണ് ആദ്യമായി പച്ചത്തുരുത്ത് പ്രവർത്തനത്തിന് തുടക്കം കുറിച്ചത്.കാർബൺ ക്രെഡിറ്റ് പദ്ധതിയിൽ പച്ചതുരുത്തും ഉൾപ്പെടുമെന്നതിനാൽ ഇതിൽ നിന്നുള്ള വരുമാനം പച്ചതുരുത്തുകൾ മുഖാന്തിരം ഭാവിയിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭിക്കും.ഒരു നിശ്ചിത അളവിൽ കാർബൺഡൈ ഓക്സൈഡോ, മറ്റ് ഹരിതഗൃഹവാതങ്ങളോ പുറത്തുവിടാൻ അനുവദിക്കുന്ന കാർബൺ ക്രഡിറ്റ് വിറ്റാണ് വരുമാനം ലഭ്യമാക്കുന്നത്.

## ഏറ്റവും വലിയ പച്ചത്തുരുത്ത് അയ്യപ്പൻകാവിൽ

മുഴക്കുന്ന് പഞ്ചായത്തിലെ അയ്യപ്പൻ കാവിലാണ് ജില്ലയിലെ ഏറ്റവും വലിയ പച്ചതുരുത്തുള്ളത്. 136 ഏക്കറിലാണ് ഇവിടെ പച്ചത്തുരുത്ത് കിടക്കുന്നത്. സംസ്ഥാനത്തെ തന്നെ ഏറ്റവും വലിയ പച്ചതുരുത്തു കൂടിയാണിത്. മുഖ്യമന്ത്രി പിണറായി വിജയനാണ് 2022 ജൂൺ അഞ്ചിന് നടീൽ ഉദ്ഘാടനം ചെയ്തത്. 190 ഇനങ്ങളിലായി 27,200 മരങ്ങളും 9520 കുറ്റിചെടികളും 5440 വള്ളികളും ഇവിടെ സമൃദ്ധമായി വളരുന്നുണ്ട്.പശ്ചിമഘട്ടത്തിൽ മാത്രം കണ്ടുവരുന്നതും അപൂർവമായതുമായ വെള്ളപ്പയിൻ, മോതിരക്കാഞ്ഞിരം, കാശാവ്, നീർമാതളം, ഇരുമുള്ളി, വാതംകൊല്ലി മരം, നീർക്കുരുണ്ട, ചെറുപുന്ന, ചേടാരം, ചീറ് വള്ളി, വള്ളി മന്ദാരം, പൂമാലക്കുറിഞ്ഞി,മരച്ചെക്കി, കീഴ്ക്കൊലച്ചെക്കി, ആറ്റുകടമ്പ്, കടമ്പ്, മരോട്ടി, കാട്ടശോകം,നായുരിപ്പ്, ഉരിപ്പ്,നീർമരുത്, പേര, താന്നി, ഞാവൽ, മണിമരുത്, കുളിർമാവ്, ചേറ്, എടന, ഉപ്പില, അശോകം, വെള്ളപ്പൈൻ, പാറകം, ആഞ്ഞിലി പ്ലാവ്, കണിക്കൊന്ന, അത്തി, നീർമാതളം, മുരിങ്ങ, നെല്ലി, വേപ്പ്, ഉങ്ങ്, ദന്തപ്പാല, കരിങ്ങോട്ട, കൊമ്പിൽ തുടങ്ങിയ സസ്യ വൈവിദ്ധ്യങ്ങൾ ഇവിടെയുണ്ട്.തൊഴിലുറപ്പ് തൊഴിലാളികളാണ് തൈകൾ നട്ടതും സംരക്ഷിക്കുന്നതും.

## ശേഖരിക്കുന്നത് സ്ഥലനാമങ്ങളുമായി ബന്ധപ്പെട്ട വൃക്ഷതൈകൾ

കണ്ടൽ പച്ചതുരുത്ത്,സ്നേഹവനം ,ജയിൽ ട്രീമ്യൂസിയം പച്ചതുരുത്ത്, ദേവഹരിതം പച്ചതുരുത്ത് തുടങ്ങി വൈവിധ്യമാർന്ന പച്ചതുരുത്തുകളാണ് ജില്ലയിൽ ഒരുക്കിയിട്ടുള്ളത്. നിലവിൽ സ്ഥലനാമങ്ങളുമായി ബന്ധപ്പെട്ട വൃക്ഷതൈകൾ ശേഖരിച്ച് പച്ചത്തുരുത്ത് ഒരുക്കാനുള്ള കർമ്മ പരിപാടിയും ഒരുക്കുന്നുണ്ട്.

പരിസ്ഥിതി പ്രവർത്തകനായ കണ്ണപുരത്തെ വി.സി ബാലകൃഷ്ണനാണ് ഇത്തരമൊരു ആശയം മുന്നോട്ട് വെച്ചത്. ഇതിലൂടെ നാടുകളുടെ പേരുള്ള വൃക്ഷങ്ങൾ ശേഖരിച്ച് നട്ടു വളർത്തും. കൂടുതൽ വൃക്ഷതൈകൾ ശേഖരിച്ചു നൽകുന്നവർക്ക് പ്രത്യേക പാരിതോഷികങ്ങളും ഹരിത കേരളം മിഷൻ പ്രഖ്യാപിച്ചിട്ടുണ്ട്.

# 'ഫൈനലിസിമ വരുന്നു'; അർജന്റീന – സ്പെയിൻ പോരാട്ടത്തിന്റെ തീയ്യതി ഇങ്ങനെ

മാഡ്രിഡ്: ഫുട്ബോൾ ആരാധകരുടെ ആകാംക്ഷയേറ്റി ഫൈനലിസിമ' പോരാട്ടത്തിന് തീയ്യതി കുറിച്ചതായി വാർത്തകൾ.

കോപ്പ അമേരിക്കൻ ജേതാക്കളായ അർജന്റീനയും യൂറോകപ്പ് ചാമ്പ്യൻമാരായ സ്പെയിനും തമ്മിലുള്ള പോരാട്ടത്തിന് ഇരു ഫുട്ബോൾ ഫെഡറേഷനുകളും ധാരണയായതായി സ്പാനിഷ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

ഫിഫ കലണ്ടറിൽ ഒഴിവുള്ള 2026 മാർച്ച് 26നും 31നും ഇടയിലായാണ് മത്സരം നടത്തുക.ഇരുടീമുകളും ലോകകപ്പ് യോഗ്യത നേടിയാൽ മാത്രമാകും മത്സരം ഒരുക്കുക. അർജന്റീന ഇതിനോടകം തന്നെ ലോകകപ്പ് യോഗ്യത നേടിയിട്ടുണ്ട്.

1985ലും 1993ലും നടത്തിയിരുന്ന അർതെമ്യോ ഫ്രാഞ്ചി കപ്പിന്റെ തുടർച്ചയായാണ് ഫൈനലിസിമ പോരാട്ടം പൊടിതട്ടിയെടുത്തത്.

2022ൽ കോപ്പ ജേതാക്കളായ അർജന്റീനയും യൂറോ ജേതാക്കളായ ഇറ്റലിയും തമ്മിൽ വെംബ്ലി സ്റ്റേഡിയത്തിൽ ഫൈനലിസിമ പോരാട്ടത്തിൽ ഏറ്റുമുട്ടിയിരുന്നു. ഇറ്റലിയെ എതിരില്ലാത്ത മൂന്ന് ഗോളുകൾക്ക് തകർത്ത് അർജന്റീനയാണ് കിരീടം നേടിയത്.

ഫിഫ ലോകകപ്പിന് മുന്നോടിയായുള്ള ഒരു ശക്തി തെളിയിക്കൽ മത്സരം കൂടിയായി ഇത് മാറും. 2026 ജൂൺ 11 മുതൽ അമേരിക്കയിലാണ് ലോകകപ്പ് മത്സരങ്ങൾ അരങ്ങേറുന്നത്.

# പണം വാരൽ തുടർന്ന് ബിസിസിഐ; പോയ ഒരു വർഷം കൊണ്ടുണ്ടാക്കിയത് 9,741 കോടി രൂപ

ന്യൂഡൽഹി: 2023-2024 സാമ്പത്തിക വർഷത്തെ വരുമാന ക്കണക്ക് പുറത്തുവിട്ട് ബിസിസിഐ. പോയ സാമ്പത്തിക വർഷത്തിൽ മാത്രം 9741 കോടി രൂപയാണ് ബിസിസിഐയുടെ വരുമാനം. ഇതിൽ 5761 കോടി രൂപയും ഐപിഎല്ലിലൂടെയാണ് സമ്പാദിച്ചത്.

ബിസിസിഐ വരുമാനത്തിന്റെ 60 ശതമാനം തുകയും നിലവിൽ ഐപിഎല്ലിലൂടെയാണ് ലഭിക്കുന്നത്. ഇതോടെ ലോക?ത്തെ ഏറ്റവും സമ്പന്നമായ ക്രിക്കറ്റ് ബോർഡായ ബിസിസിഐയുടെ വരുമാനം മുപ്പതിനായിരം കോടിയോടടുത്തു. രണ്ടാമതുള്ള ആസ്ട്രേലിയൻ ക്രിക്കറ്റ് ബോർഡിന് 8000 കോടിയോളം മാത്രമാണ് ആസ്തി. പലിശയിനത്തിൽ മാത്രം പ്രതിവർഷം ആയിരം കോടിയോളവും ലഭിക്കുന്നു. കൂടാതെ പ്രതിവർഷം 10 മുതൽ 12 വരെ വളർച്ചയും ബിസിസിഐക്കുണ്ട്.

ഐസിസി വരുമാനം പങ്കുവെക്കലിലൂടെ 1042 കോടിയും മറ്റു നിക്ഷേപങ്ങളിലൂടെ 987 കോടിയും ബിസിസിഐയുടെ പോക്കറ്റിലെത്തുന്നു. ഐപിഎൽ അല്ലാത്തവയുടെ മീഡിയ റൈറ്റ്സിലൂടെ 361 കോടിയും ടിക്കറ്റ് വിൽപ്പനയിലൂടെയും മറ്റ് ഡീലുകളിലൂടെയും 361 കോടിയും ബിസിസിഐക്ക് ലഭിക്കുന്നു.

ഏഷ്യാ കപ്പ് ക്രിക്കറ്റിൽ വീണ്ടും പ്രതിസന്ധി ധാക്കയിലാണ് യോഗമെങ്കിൽ പങ്കെടുക്കില്ലെന്ന് ബിസിസിഐ

മുംബൈ: ഈ വർഷം നടക്കേണ്ട ഏഷ്യാ കപ്പ് ക്രിക്കറ്റ് പോരാട്ടം അനിശ്ചിതത്വത്തിൽ. വരാനിരിക്കുന്ന ഏഷ്യൻ ക്രിക്കറ്റ് കൗൺസിൽ (എസിസി) യോഗം ബംഗ്ലാദേശിലെ ധാക്കയിൽ നടത്താനുള്ള തീരുമാനം ബിസിസിഐ അടക്കമുള്ള ക്രിക്കറ്റ് ബോർഡുകൾ എതിർക്കുന്ന സാഹചര്യമാണ് പുതിയ പ്രതിസന്ധിക്കു കാരണം.

രാഷ്ട്രീയ കാരണങ്ങളാൽ ഇന്ത്യ- ബംഗ്ലാദേശ് ബന്ധം ഉലഞ്ഞു നിൽക്കുന്നതിന്റെ പശ്ചാത്തലത്തിലാണ് ബിസിസിഐ ധാക്കയിൽ നടത്താനുള്ള തീരുമാനത്തിനെതിരെ രംഗത്തെത്തിയത്. ഈ വർഷം സെപ്റ്റംബറിലാണ് ഏഷ്യാ കപ്പ് പോരാട്ടങ്ങൾ നടത്താൻ തീരുമാനിച്ചിട്ടുള്ളത്.

ഈ മാസം 24നാണ് എസിസി യോഗം തീരുമാനിച്ചത്. ധാക്കയാണ് യോഗത്തിന്റെ വേദിയായും തീരുമാനിച്ചത്. ധാക്കയിൽ നടത്തിയാൽ പങ്കെടുക്കില്ലെന്നു ബിസിസിഐ എസിസിയേയും പാകിസ്ഥാൻ ക്രിക്കറ്റ് ബോർഡിനേയും അറിയിച്ചിട്ടുണ്ട്.

ബിസിസിഐക്ക് പിന്തുണയുമായി ശ്രീലങ്ക, ഒമാൻ, അഫ്ഗാനിസ്ഥാൻ ക്രിക്കറ്റ് ബോർഡുകളും ബഹിഷ്കരിക്കുമെന്ന മുന്നറിയിപ്പു നൽകിയിട്ടുണ്ട്. എന്നാൽ എതിർപ്പുകൾ മറികടന്നും യോഗം ധാക്കയിൽ നടത്തുമെന്നാണ് എസിസി ചെയർപേഴ്സനും പാക് ക്രിക്കറ്റ് ബോർഡ് തലവനുമായ മൊഹ്സിൻ നഖ്‌വിയുടെ തീരുമാനം.

യോഗ വേദി മാറ്റുന്നതുമായി ബന്ധപ്പെട്ട് എസിസിയുമായി ബിസിസിഐ ആശയവിനിമയം നടത്തിയിരുന്നു. എന്നാൽ തങ്ങൾക്കു മറുപടിയൊന്നും ഇതുവരെ ലഭിച്ചിട്ടില്ലെന്നാണ് ബിസിസിഐയോടു അടുത്ത വൃത്തങ്ങൾ വ്യക്തമാക്കുന്നത്.

# മുൻ ഇന്ത്യൻ വനിത ഗോൾകീപ്പർ അഥിതി ചൗഹാൻ പ്രൊഫഷണൽ ഫുടബോളിൽ നിന്നും വിരമിച്ചു



മുംബൈ : മുൻ ഇന്ത്യൻ വനിത ഗോൾകീപ്പർ അഥിതി ചൗഹാൻ വിരമിച്ചു. തന്റെ ഔദ്യോഗിക ഇൻസ്റ്റഗ്രാം പേജിലൂടെയാണ് താരം വിരമിക്കൽ പ്രഖ്യാപനം നടത്തിയത്. 2023 വരെ ഇന്ത്യൻ ദേശീയ ടീമിന്റെ ഒന്നാം നമ്പർ ഗോൾകീപ്പറായിരുന്ന അഥിതി ഇംഗ്ലീഷ് ക്ലബ് വെസ്റ്റ്ഹാമിൽ മൂന്ന് വർഷം കളിച്ചിട്ടുണ്ട്.

ഡൽഹി യൂണിവേഴ്സിറ്റിയുടെ ഫുടബോൾ ജീവിതം ആരംഭിച്ച അഥിതി ബിരുദാനന്ദര ബിരുദ പഠനത്തിനായി ഇംഗ്ലണ്ടിലേക്ക് ചേക്കേറിയതോടെയാണ് താരത്തിന്റെ കരിയർ മാറിമറിയുന്നത്. കോളേജ് ടീമിനെ പ്രതിനിധീകരിച്ച് തുടങ്ങിയ അഥിതി വെസ്റ്റ്ഹാമിന്റെ ട്രയൽസിൽ പങ്കെടുക്കുകയും തുടർന്ന് ടീമിന്റെ ഭാഗമാവുകയും ചെയ്തു. മൂന്ന് വർഷം വെസ്റ്റ്ഹാമിൽ കളിച്ച താരം 20 മത്സരങ്ങൾ ടീമിനായി വലകാത്തു. ഇംഗ്ലീഷ് ഫുട്ബോളിൽ പന്ത് തട്ടുന്ന ആദ്യ ഇന്ത്യൻ വനിത താരമാണ് അഥിതി.

2018 ൽ ഇന്ത്യയിലേക്ക് മടങ്ങിയെത്തിയ അഥിതി ഇന്ത്യ റഷ് ക്ലബിനായി ഒരു വർഷം ബൂട്ടണിഞ്ഞു. തൊട്ടടുത്ത സീസണിൽ ഗോകുലം കേരളക്കൊപ്പം ഇന്ത്യൻ വുമൺസ് ലീഗിൽ കളിച്ച താരം ടീമിന്റെ കിരീട ധാരണത്തിൽ നിർണായക സാന്നിധ്യമായി. രണ്ട് വുമൺസ് ലീഗ് കിരീടങ്ങൾക്ക് പുറമെ 2021 എഎഫ്സി വുമൺസ് ചാമ്പ്യൻഷിപ്പിൽ മൂന്നാം സ്ഥാനാവും താരം നേടി. 2011 മുതൽ ദേശീയ കുപ്പായമണിഞ്ഞ താരം 57 മത്സരങ്ങളിൽ ഇന്ത്യൻ വല കാത്തു. രണ്ട് ഏഷ്യൻ കപ്പ് ഗോൾഡ് മെഡലും മൂന്ന് സാഫ് കപ്പ് കിരീട നേട്ടത്തിലും അഥിതി ഇന്ത്യൻ ഗോൾവലക്ക് കീഴിലുണ്ടായിരുന്നു.

നിലവിൽ സ്ത്രീകളുടെ ഫുടബോളിലൂടെയുള്ള ഉന്നമനത്തിനായി ഷീ കിക്ക്സ് എഫ്എ എന്ന പേരിൽ പ്രസ്ഥാനം നടത്തുകയാണ് താരം.

# കെസിഎൽ രണ്ടാം സീസണിൽ തിളങ്ങാൻ തൃശൂരിൽ നിന്ന് ഏഴ് താരങ്ങൾ

എൻ. എം. ഷറഫുദ്ദീൻ, സി.വി. വിനോദ് കുമാർ, വത്സൽ ഗോവിന്ദ്, റിയ ബഷീർ, കെ. എ. അരുൺ , ടി. വി.കൃഷ്ണകുമാർ, ആതിഫ് ബിൻ അഷ്റഫ്. പരിചയ സമ്പന്നർക്കൊപ്പം യുവതാരങ്ങളും ചേരുന്ന നീണ്ടൊരു നിരയാണ് തൃശൂരിൽ നിന്ന് കെസിഎൽ രണ്ടാം സീസണിലേക്ക് ഉള്ളത്. കൊച്ചി ഒഴികെയുള്ള എല്ലാ ടീമുകളിലും ഇത്തവണ തൃശൂരിൽ നിന്നുള്ള താരങ്ങളുടെ സാന്നിധ്യമുണ്ട്.നിലവിൽ കേരള ക്രിക്കറ്റിലെ ഏറ്റവും മികച്ച ഓൾ റൌണ്ടർമാരിൽ ഒരാളാണ് ഷറഫുദ്ദീൻ. കഴിഞ്ഞ സീസണിൽ കൊല്ലം സെയിലേഴ്സിനായി മികച്ച ബൌളിങ് പ്രകടനമായിരുന്നു ഷറഫുദ്ദീന്റേത്. 12 കളികളിൽ നിന്ന് 19 വിക്കറ്റുകളുമായി ബൌളിങ് പട്ടികയിൽ രണ്ടാം സ്ഥാനത്ത്. മികച്ച ബാറ്റിങ് പ്രകടനവും കണക്കിലെടുത്ത് ടൂർണ്ണമെന്റിലെ താരമായി തെരഞ്ഞെടുക്കപ്പെട്ടത് ഷറഫുദ്ദീനായിരുന്നു. സമീപ മാസങ്ങളിൽ നടന്ന എൻഎസ്കെ ട്രോഫിയിലും പ്ലെയർ ഓഫ് ദി ടൂർണ്ണമെന്റായി തെരഞ്ഞെടുഫക്കപ്പെട്ടു. തുടർന്ന് അഞ്ച് ലക്ഷം രൂപയ്ക്കാണ് കൊല്ലം ഷറഫുദ്ദീനെ നിലനിർത്തിയത്.ഡൽഹിയിൽ കളിച്ച് വളർന്ന്, കുച്ച് ബിഹാർ ട്രോഫിയിലൂടെ താരമായി ഉയർന്ന ബാറ്ററാണ് വത്സൽ ഗോവിന്ദ്. 2018-19ലെ കൂച്ച് ബിഹാർ ട്രോഫിയിൽ ഏറ്റവും കൂടുതൽ റൺസ് നേടിയത് വത്സലായിരുന്നു. എട്ട് മല്സരങ്ങളിൽ നിന്ന് 1235 റൺസ്. ഈ പ്രകടനം ഇന്ത്യൻ അണ്ടർ 19 ടീമിലേക്കും കേരള രഞ്ജി ടീമിലേക്കും വഴി തുറന്നു. കഴിഞ്ഞ തവണയും കൊല്ലത്തിനായി കളിച്ച വത്സൽ ഗോവിന്ദിനെ ഒന്നര ലക്ഷം രൂപയ്ക്കാണ് ഇത്തവണയും ടീം ലേലത്തിലൂടെ നിലനിർത്തിയത്. ഒരു അർദ്ധസെഞ്ച്വറിയടക്കം 207 റൺസായിരുന്നു വത്സൽ കഴിഞ്ഞ സീസണിൽ നേടിയത്. ലീഗിലെ ഏറ്റവും മുതിർന്ന താരങ്ങളിലൊരാളായ സി വി വിനോദ് കുമാറിനെ 6.20 ലക്ഷത്തിലാണ് തൃശൂർ ടീമിലെത്തിച്ചത്. കഴിഞ്ഞ സീസണിൽ തിരുവനന്തപുരത്തിനായി ഇറങ്ങിയ വിനോദ് 13 വിക്കറ്റുകൾ വീഴ്ത്തിയിരുന്നു. നിർണ്ണായക ഘട്ടങ്ങളിൽ ബാറ്റ് കൊണ്ടും തിളങ്ങാൻ കഴിയുന്ന താരമാണ് വിനോദ് കുമാർ.



കഴിഞ്ഞദിവസം യുവാവ് ഒഴുക്കിൽപ്പെട്ട് മരിച്ച കക്കയംപുഴയിൽ പ്രദേശവാസികളുടെ മുന്നറിയിപ്പ് അവഗണിച്ച് നീന്താനെത്തിയവർ

# കക്കയംപുഴയിൽ മുന്നറിയിപ്പ് അവഗണിക്കുന്നു

കക്കയം : ജില്ലയിലെ പ്രധാന വിനോദസഞ്ചാരകേന്ദ്രങ്ങളായ കക്കയം, കരിയാത്തുംപാറ എന്നിവിടങ്ങളിൽ സന്ദർശനത്തിനെത്തുന്ന സഞ്ചാരികൾ അനുവദനീയമല്ലാത്ത മേഖലകളിലും ജലാശയങ്ങളിലും ഇറങ്ങുന്നതിന് നിയന്ത്രണം വരുത്താൻ കൂരാച്ചുണ്ട് പഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ കക്കയത്ത് സർവകക്ഷിയോഗം ചേർന്നു. തോണിക്കടവ് ടൂറിസം മാനേജ്മെന്റ് കമ്മിറ്റിക്ക് കീഴിലുള്ള കരിയാത്തുംപാറ വിനോദസഞ്ചാരകേന്ദ്രത്തിനകത്തേക്ക് സഞ്ചാരികളെ പ്രവേശിപ്പിക്കുന്നത് ഒരു മാസത്തോളമായി നിരോധിച്ചതാണ് പുതിയ വിശ്രമഇടങ്ങൾ തേടാൻ സഞ്ചാരികൾ തയ്യാറായത്. കുറ്റ്യാടിപ്പുഴയൊഴുകുന്ന കക്കയം പഞ്ചവടി, 30-ാം മൈലിലും സമീപ പ്രദേശങ്ങളിലും

ദിവസേന ധാരാളം സഞ്ചാരികളാണ് എത്തുന്നത്. വീതിയേറിയ പുഴയും തുരുത്തുകളും മനോഹരമായ പാറക്കൂട്ടങ്ങളും സഞ്ചാരികളുടെ മനംകുളിർപ്പിക്കുന്ന കാഴ്ചകളാണ്. പോലീസിന്റെയോ മറ്റു അധികാരികളുടെയോ ഇടപെടൽകൂടാതെ സമയം ചെലവഴിക്കാം എന്നതിനാൽ പുഴയോരത്തെ താവളമാക്കുന്നവരും ഉണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ടൂറിസം കേന്ദ്രം കാണാനെത്തുന്നവർ കൂട്ടമായി പുഴയോരത്ത് എത്തുകയും പ്രദേശവാസികളുടെ വാക്കുകൾ അവഗണിച്ച് പുഴയിലിറങ്ങുകയും ചെയ്യുന്നതാണ് അപകടസാധ്യത വർധിപ്പിക്കുന്നത്.

### പ്രാദേശിക കമ്മിറ്റിക്ക് രൂപംനൽകി, ഗാർഡുമാർ വേണം

ഒരുവർഷത്തിനിടെ രണ്ട് വിനോദസഞ്ചാരികൾ വെള്ളത്തിൽ മുങ്ങിമരിക്കുകയും കൂടുതൽ ആളുകൾ അപകടത്തിൽപ്പെടുകയും ചെയ്യുന്ന സാഹചര്യം വർധിച്ച സാഹചര്യത്തിലാണ് പഞ്ചായത്ത് സർവകക്ഷിയോഗം വിളിച്ചത്. സഞ്ചാരികൾ പുഴയിലിറങ്ങുന്നതിന് നിയന്ത്രണം വരുത്താൻ റെസ്ക്യു പ്രവർത്തകരായ മുജീബ് കക്കയം കൺവീനറും പത്രോസ് പന്നിവെട്ട് പറമ്പിൽ ചെയർമാനുമായ ഒൻപതംഗ കമ്മിറ്റിക്ക് രൂപം നൽകി. അപകടസൂചന നൽകുന്ന ബോർഡുകൾ സ്ഥാപിക്കാൻ പഞ്ചായത്ത് നടപടി സ്വീകരിക്കും. തോണിക്കടവ് ടൂറിസം മാനേജ്മെന്റ് കമ്മിറ്റിക്ക് കീഴിലുള്ള കരിയാത്തുംപാറ ടൂറിസം കേന്ദ്രത്തിലെ പോലെ ലൈഫ് ഗാർഡുമാരെ കക്കയം മേഖലയിലും നിയമിക്കാൻ നടപടി വേണമെന്ന് യോഗത്തിൽ ആവശ്യമുയർന്നു.

കക്കയത്ത് വൈദ്യുതി ഉത്പാദനത്തിനുശേഷം പുറംതള്ളുന്ന വെള്ളത്തിന്റെ ശക്തി കാരണം പുഴയോരങ്ങൾ ഇടിയുന്നതിന് പരിഹാരം കാണാൻ കെഎസ്ഇബി, ഇറിഗേഷൻ വകുപ്പുകൾ നടപടി സ്വീകരിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു. എം.കെ. രാഘവൻ എം.പി, കെ.എം. സച്ചിൻദേവ് എംഎൽഎ, വിവിധ വകുപ്പുതല ഉദ്യോഗസ്ഥർ, രാഷ്ട്രീയപ്പാർട്ടി പ്രതിനിധികൾ ഉൾപ്പടെയുള്ളവരെ പങ്കെടുപ്പിച്ച് പഞ്ചായത്തിൽ വിപുലമായി യോഗം ചേർന്ന് തുടർനടപടികൾ ചർച്ചചെയ്യാൻ യോഗത്തിൽ ധാരണയായി.

പഞ്ചായത്ത് പ്രസിഡന്റ് ഒ.കെ. അമ്മദ് അധ്യക്ഷത വഹിച്ചു. ഗ്രാമപഞ്ചായത്തംഗം ഡാർളി പുല്ലംകുന്നേൽ, ആൻഡ്രൂസ് കട്ടിക്കാന, മുജീബ് കക്കയം, പത്രോസ് പന്നിവെട്ടുപറമ്പിൽ, വിപിൻ പാറക്കൽ, അരുൺ പാറക്കൽ, പി.എസ്. തോമസ്, നിപിൻ ജോസ് ഐകുളമ്പിൽ, ജാനേഷ് കല്ലക്കുടി, അബിൻ ജോയ് എന്നിവർ സംസാരിച്ചു.

# രണ്ടുകോടി ചെലവിൽ ഇടിയങ്ങരക്കുളം നവീകരിക്കുന്നു

കോഴിക്കോട് : ഇടിയങ്ങര പുതിയ പള്ളിയോടുചേർന്ന് നൂറ്റാണ്ടിലേറെയായി ജലസ്രോതസ്സായി നിലകൊള്ളുന്ന ഇടിയങ്ങരക്കുളത്തിന്റെ നവീകരണത്തിന് തുടക്കമായി. 27 മീറ്റർ നീളവും 26 മീറ്റർ വീതിയുമുള്ള കാടുകയറിക്കിടക്കുന്ന ഈ കുളം കാടുവെട്ടി നാലുമീറ്റർ ഉയരത്തിൽ പാർശ്വഭിത്തിയും അതിനുമേൽ 85 സെന്റീമീറ്റർ ഉയരത്തിൽ കൈവരിയും നിർമിക്കുന്നതാണ് പ്രധാന പ്രവൃത്തി. ഇതിന് പുറമേ, കുളത്തിലേക്കിറങ്ങാൻ പടവുകളും കുളത്തിനുചുറ്റും ഒന്നരമീറ്റർ ചുറ്റളവിൽ നടപ്പാതയും വരും.



കോഴിക്കോട് ഇടിയങ്ങരക്കുളം നവീകരണത്തിന്റെ പ്രവൃത്തി ഉദ്ഘാടനം ചെയ്യാനെത്തിയ മന്ത്രി റോഷി അഗസ്റ്റിൻ കുളം വീക്ഷിക്കുന്നു

രണ്ടുകോടി രൂപ ഉപയോഗിച്ചുകൊണ്ടുള്ള നവീകരണവും സൗന്ദര്യവത്കരണവും ജലവിഭവ മന്ത്രി റോഷി അഗസ്റ്റിൻ വെള്ളിയാഴ്ച രാവിലെ ഉദ്ഘാടനം ചെയ്തു. വൈകുന്നേരങ്ങൾ ചെലവഴിക്കാനെത്തുന്ന സന്ദർശകർക്ക് അനുയോജ്യമായരീതിയിൽ നവീകരണം നടത്തുന്നതിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് 25 ലക്ഷം രൂപ കൂടി അനുവദിച്ചതായി മന്ത്രി അറിയിച്ചു.അഹമ്മദ് ദേവർകോവിൽ എംഎൽഎ അധ്യക്ഷത വഹിച്ചു. മേയർ ഡോ. ബീനാ ഫിലിപ്പ് മുഖ്യാതിഥിയായി.

ഡെപ്യൂട്ടി മേയർ സി.പി. മുസാഫർ അഹമ്മദ്, വാർഡ് കൗൺസിലർ കെ. മൊയ്തീൻകോയ, കോർപ്പറേഷൻ നികുതി അപ്പീൽ സ്ഥിരം സമിതി ചെയർമാൻ പി.കെ. നാസർ, കൗൺസിലർ എസ്. കെ അബൂബക്കർ, എക്സിക്യൂട്ടീവ് എൻജിനിയർ(ഇൻചാർജ്) ഹാബി. സി എച്ച്, രാഷ്ട്രീയപ്പാർട്ടി പ്രതിനിധികളായ എൻ.പി നൗഷാദ്, സി. അബ്ദുറഹീം, എൽ. രമേശൻ, വി.എസ്. ശരീഫ്, പി.പി. ഫിറോസ്, എസ്.വി. അർഷൽ അഹമ്മദ്, പി.ടി. ആസാദ്, സി.വി. ഗഫൂർ, എം.പി. കോയട്ടി, എസ്.കെ. ഇംതിയാസ് തുടങ്ങിയവർ പങ്കെടുത്തു.

# കുട്ടികളിലെ പ്രമേഹം'കുത്തുന്ന' വേദന ഒഴിവാക്കാൻ കൂട്ടായ്മ

കോഴിക്കോട്: കുട്ടികളിലെ പ്രമേഹം കുട്ടികളെ മാത്രമല്ല, അവരുടെ കുടുംബത്തെയാകെ തീരാവേദനയിലാക്കുന്നതാണ്. രോഗമുള്ള കുട്ടികളെ പൊന്നുപോലെ കാക്കുമ്പോഴും അച്ഛനമ്മമാർക്ക് അവരെ 'കുത്തി' വേദനിപ്പിക്കാതെ പറ്റില്ല.

ഈ വേദന ഒഴിവാക്കാൻ സന്മനസ്സുള്ളവരുടെയും സംഘടനകളുടെയും സ്ഥാപനങ്ങളുടെയും കൂട്ടായ്മയിൽ പദ്ധതിയുമായി എത്തുകയാണ് ജില്ലാ ഭരണകൂടം. ഇതുവഴി സിജിഎം(തുടർച്ചയായി ഗ്ലൂക്കോസിന്റെ അളവ് നിർണയിക്കുന്നതിനുള്ള)സംവിധാനം സൗജന്യമായി നൽകാനാണ് ലക്ഷ്യമിടുന്നത്.

ടൈപ്പ് വൺ പ്രമേഹമുള്ള കുട്ടികളെ രാത്രിയിലുൾപ്പെടെ ദിവസം ഏഴുതവണവരെ കുത്തി രക്തമെടുത്ത് പഞ്ചസാരയുടെ അളവ് പരിശോധിക്കണം. പരിശോധന താളംതെറ്റിയാൽ അസുഖം മൂർച്ഛിച്ച് മരണംവരെ സംഭവിക്കാറുണ്ട്. സിജിഎം ഉണ്ടെങ്കിൽ ബ്ലഡ് ഷുഗർ പരിശോധിക്കാൻ ഓരോതവണയും രക്തമെടുക്കേണ്ട ആവശ്യമില്ല.

ഈ യന്ത്രം ഘടിപ്പിച്ചാൽ ബ്ലഡ് ഷുഗർ മൊബൈൽ വഴി അറിയാം. എന്നാൽ, ഇതിന് ചെലവേറെയാണ്. പതിന്നാലുദിവസം ഉപയോഗിക്കാവുന്ന മെഷീന് 5000 രൂപയാകും. അതായത് ഒരു മാസം 10,000 രൂപ.

ജില്ലയിൽ ടൈപ്പ് വൺ പ്രമേഹമുള്ള 250-ൽ അധികം കുട്ടികളുണ്ടെങ്കിലും ഇതുപയോഗിക്കുന്നത് രണ്ടോ മൂന്നോ പേർമാത്രമാണ്. മിക്ക കുടുംബങ്ങൾക്കും ഈ തുക താങ്ങാനാവാത്തതാണ് പ്രശ്നം. ഈ ബുദ്ധിമുട്ടുകണ്ടാണ് ഇത്തരം കുട്ടികൾക്കായി പ്രവർത്തിക്കുന്ന ടൈപ്പ് വൺ ഡയബറ്റിക്സ് വെൽഫെയർ സൊസൈറ്റി ഇവരെ സഹായിക്കാനായി ഒരു പദ്ധതി കളക്ടർ സ്നേഹിൽകുമാർ സിങ്ങിന് സമർപ്പിച്ചത്. കളക്ടർ ഇതിനോട് വലിയ താത്പര്യം പ്രകടിപ്പിച്ചതോടെ കാര്യങ്ങൾ വേഗത്തിലായി.

ഇത്തരം കുട്ടികൾക്ക് ജില്ലാഭരണകൂടത്തിന്റെ സൗഖ്യപദ്ധതിയുടെ ഭാഗമായി സിജിഎം സൗജന്യമായി നൽകാനാണ് ആലോചിച്ചത്. തുടർന്ന് കഴിഞ്ഞദിവസം കളക്ടറുടെ നേതൃത്വത്തിൽ ഡോക്ടർമാർ, കോഴിക്കോട്ടെ ആശുപത്രികൾ, ലയൺസ്, റോട്ടറി ക്ലബുകൾ, മറ്റു സംഘടനകൾ, വ്യാപാര വ്യവസായ സംരംഭകർ, സേവനസംഘങ്ങൾ, മാധ്യമസ്ഥാപനങ്ങൾ, ടൈപ്പ് വൺ വെൽഫെയർ സൊസൈറ്റി ഭാരവാഹികൾ, സുമനസ്സുകൾ എന്നിവരുടെ യോഗം വിളിച്ചു. വാട്സാപ്പ് കൂട്ടായ്മയുണ്ടാക്കി. ഈ കൂട്ടായ്മയിൽ നിന്നായി 1000 സിജിഎമ്മുകൾ സമാഹരിക്കാനാണുദ്ദേശിക്കുന്നത്.

ഓഗസ്റ്റ് 15-ന് മുഴുവൻ കുട്ടികൾക്കും ആദ്യഘട്ടവിതരണം നടക്കും. ടൈപ്പ് വൺ ഡയബറ്റിക്സ് വെൽഫെയർ സൊസൈറ്റിയുടെയും ജില്ലാ വിദ്യാഭ്യാസപരിശീലന കേന്ദ്രത്തി(ഡയറ്റി)ന്റെയും നേതൃത്വത്തിൽ അർഹരായ മുഴുവൻ, ആളുകളുടെയും വിവരശേഖരണം നടത്തി മാനദണ്ഡങ്ങൾക്കനുസരിച്ചാണ് സിജിഎം വിതരണം ചെയ്യുകയെന്ന് ഡയറ്റ് പ്രിൻസിപ്പൽ ഡോ. യു.കെ. അബ്ദുൾ നാസർ പറഞ്ഞു.

RNI No. 35157/10, Printer, Publisher & Chief Editer P.T. Nizar, Peoples Review, Lynwood (H) Pottangadi Raghavan Road, Opp. HP Petrol Pump, West Nadakkavu, Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.